# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 38 ലക്കം ജൂലൈ 2020 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ

കർത്താവിൻ ദാസിയായ് തീർന്നവളേ
നിത്യവചനത്തിൻ മാതാവായവളേ
കന്യാമറിയമേ, കണ്ണീരിൻ താഴ്‌വരയിൽ
എന്നെന്നും ആശ്വാസം നീയേ
ഞങ്ങൾക്കെന്നെന്നും ആശ്രയം നീയേ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**വാല്യം 38 കൈത്താ ലക്കം ജൂലൈ 2020**

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- മാനസാന്തരത്തിനുള്ള ക്ഷണം 5
- കാലത്തിന്റെ തിരുത്തൽ വഴിയിൽ 9
- പ്രാപ്യമാണെല്ലാം 11
- ലാളിത്യത്തിന്റെ പാഠങ്ങൾ 13
- യുവവിശുദ്ധർ 16
- കാവലാൾ 18
- പൂർവ്വജോസഫ് 20
- ഇരുട്ടിലേക്കുള്ള എടുത്തുചാട്ടം 22
- പ്രത്യാശ നമ്മെ നിരാശരാക്കുകയില്ല 24
- സെനക്കിൾ തരംഗം 26
- വചനം മാംസം ധരിക്കുമ്പോൾ 27
- സ്നേഹജ്ജ്വാല 29
- ക്ലിയർ ചാറ്റ് 30
- കാഴ്ച വികലമാക്കുന്ന കൂന് 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ



# ദൈവത്തിലേക്കു തിരിയാം

**ര**ണ്ടായിരത്തി ഇരുപതാമാണ്ട് പിറന്നിട്ട് മാസങ്ങൾ കടന്നുപോയിരിക്കുന്നു. സഭാംഗങ്ങളായ നമ്മെ സംബന്ധിച്ച് ആരാധനാവത്സരത്തിലെ വിവിധ കാലങ്ങളും പിന്നിട്ടുകഴിഞ്ഞു. നോമ്പുകാലവും ഉയിർപ്പുകാലവും ശ്ലീഹാക്കാലവും കഴിഞ്ഞ് കൈത്താക്കാലത്തിന്റെ നാളുകളിലൂടെയാണ് കടന്നുപോകുന്നതെന്ന യാഥാർത്ഥ്യത്തിലേക്ക് നമ്മിൽ പലരും ഉണർന്നിട്ടുണ്ടാവില്ല. വിദേശരാജ്യങ്ങളെ പിടിച്ചുലച്ച കോവിഡ് 19 നമ്മെയും വലയം ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ആശങ്കയുടെയും ജീവിതപദ്ധതികൾ പലതും താറുമാറായതിന്റെ ആശാഭംഗങ്ങളുടെയുമിടയിൽ നട്ടംതിരിയുന്നവരും, തിരക്കുപിടിച്ച ജീവിതപ്രയാണത്തിനിടയിൽ വീണുകിട്ടിയ അസുലഭസമയമായി ഈ അവസരത്തെ കണ്ടുകൊണ്ട് ജീവിതം ആസ്വദിക്കുന്നവരും നമ്മുടെ സമൂഹത്തിലുണ്ട്. മഹാമാരിയൊരുക്കിയ കെണിയിൽപെട്ട് ഒഴുക്കു നിലച്ച ഒരു നദിപോലെയും കൂട്ടിലകപ്പെട്ട കിളിപോലെയും പെട്ടെന്ന് അസ്വാതന്ത്ര്യത്തിന്റെയും അനിശ്ചിതത്വങ്ങളുടെയും അസമാധാനത്തിന്റെയും അസ്വാസ്ഥ്യങ്ങളിലായിരിക്കുമ്പോൾ ശരിയായ ദിശാബോധം നഷ്ടപ്പെട്ടവരുമുണ്ട്. എന്നാൽ മറ്റുള്ളവർക്കു നിസ്വാർത്ഥമായ സേവനം ചെയ്യാൻ ലഭിച്ച കാലമായി ഈ കാലഘട്ടത്തെ കാണുകയും സ്വന്തം ആരോഗ്യവും സമയവും സമ്പത്തുംമാത്രമല്ല ജീവൻപോലും ത്യജിക്കാൻ തയ്യാറായി മുന്നോട്ടുവരികയും ചെയ്യുന്നവരും ധാരാളമുണ്ട്.

എല്ലാ ജീവിതമേഖലകളിലും സമാധാനം കളിയാടുന്ന അവസ്ഥയാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അതു സാധ്യമാകണമെങ്കിൽ മനുഷ്യൻ ദൈവത്തെ മഹത്ത്വപ്പെടുത്തേണ്ടതുണ്ട് (ലൂക്കാ 2,14). ദൈവത്തിന്റെ മഹത്ത്വം മനുഷ്യനിൽ പ്രകടമാകുവാൻ രോഗങ്ങൾ അനുവദിക്കുകയും രോഗശാന്തി നല്കുകയും ചെയ്ത മിശിഹായിലൂടെ (യോഹ 9,3) ദൈവത്തിലേക്കു നമുക്കു തിരിയാം. "ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു" (യോഹ 14,27) എന്നു പറഞ്ഞ മിശിഹായുടെ അനുയായികളായ നമുക്ക് ശരിയായ സമാധാനം അനുഭവിക്കാനും മറ്റുള്ളവരെ സമാധാനത്തിലേക്കും ആശ്വാസത്തിലേക്കും നയിക്കാനും കഴിയണം. ആത്മീയതലത്തിലുള്ള തളർച്ചയല്ല വളർച്ചയാണ് കൈത്താക്കാലത്ത് നാം ലക്ഷ്യം വയ്ക്കേണ്ടതും നേടിയെടുക്കേണ്ടതും. അതിനു ലഭ്യമായ എല്ലാ സാദ്ധ്യതകളും ഉപയോഗിച്ച് ദൈവത്തിലേക്ക് അടുക്കാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ എന്നാശംസിക്കുന്നു.

ചീഫ് എഡിറ്റർ



# കോവിഡ് 19:
# മാനസാന്തരത്തിനുള്ള ക്ഷണം

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

മനുഷ്യചരിത്രം രക്ഷാകരചരിത്രമാണ്. രക്ഷാകരചരിത്രമെന്ന നിലയിൽ അത് ദൈവവിളി ഉൾക്കൊള്ളുന്ന ചരിത്രമാണ്. പാപബദ്ധനായ മനുഷ്യനെ സംബന്ധിച്ചിടത്തോളം അത് മാനസാന്തരത്തിനുള്ള വിളിയാണ്. പഴയനിയമവും പുതിയനിയമവും ഇത് ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നുണ്ട്: "ഭൂമിയുടെ അതിർത്തികളേ, എന്നിലേക്കു തിരിഞ്ഞു രക്ഷപെടുക; ഞാനാണു ദൈവം; ഞാനല്ലാതെ മറ്റൊരു ദൈവമില്ല" (ഏശ 45,22). ഈശോയുടെ ജീവിതവും ശുശ്രൂഷയും, മാനസാന്തരത്തിലേക്കും ദൈവവുമായുള്ള സ്നേഹബന്ധത്തിലേക്കും അതിൽനിന്നുരുത്തിരിയുന്ന വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ജീവിതത്തിലേക്കുമുള്ള ഒരു നിരന്തര ആഹ്വാനമായിരുന്നു (മർക്കോ 1,15). കൊറോണാ മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ നേതൃത്വം നല്കിയ പ്രാർത്ഥനയിൽ മാനസാന്തരത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നതായി നാം കാണുന്നുണ്ടല്ലോ. മനുഷ്യനിയന്ത്രണത്തിന് അസാദ്ധ്യമായിത്തീർന്നിരിക്കുന്ന 'കൊറോണാ ബാധ' മാനസാന്തരത്തിനുള്ള ആഹ്വാനമുൾക്കൊള്ളുന്നുണ്ടെന്നുള്ളതിന് യാതൊരു സംശയവുമില്ല.

**പഴയനിയമ പശ്ചാത്തലം**

പഴയനിയമത്തിൽ 'മഹാമാരികൾ', മാനസാന്തരത്തിലേക്കും രക്ഷയിലേക്കുമുള്ള ദൈവത്തിന്റെ ക്ഷണം ഉൾക്കൊള്ളുന്നുണ്ട്. മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി ഒരു ദൈവജനത്തിനു രൂപംകൊടുക്കുവാൻ 'മഹാമാരികൾ' ദൈവത്തിന് ഉപകരണമായിത്തീർന്നു. 'പത്തു മഹാമാരികൾ' അയച്ചാണ് ഈജിപ്തിന്റെ അടിമത്തത്തിൽനിന്നും ഇസ്രായേലിനെ പുറത്തുകൊണ്ടുവന്ന് 'ദൈവത്തിന്റെ സ്വന്തം ജന'മാക്കിത്തീർത്തത് (പുറ 3 മുതൽ 15 വരെ അദ്ധ്യായങ്ങൾ).

ദൈവജനത്തെ നയിക്കുവാൻ നിയോഗിക്കപ്പെട്ട ദാവീദുരാജാവ്, ദൈവജനസംരക്ഷണത്തിനായി ചെയ്ത യുദ്ധങ്ങളിലെല്ലാം ലഭിച്ച ദൈവകൃപയെ ആശ്രയിക്കാതെ, തന്റെ മാനുഷികമായ ആൾബലത്തിൽ ആശ്രയിച്ച് യുദ്ധം ചെയ്യാനൊരുങ്ങിയപ്പോൾ, മഹാമാരി അയച്ച് അയാളെ ആ ഉദ്യമത്തിൽനിന്നും പിൻതിരിപ്പിച്ചതും പഴയനിയമചരിത്രമാണ് (2 സാമു 24-ാം അദ്ധ്യായം).

**പുതിയനിയമ വെളിച്ചത്തിൽ**

ലോകരക്ഷകനായി കടന്നുവന്ന ഈശോയുടെ രക്ഷാകരപ്രവർത്തനത്തിൽ നിർണ്ണായക മായ സ്ഥാനം അത്ഭുതങ്ങൾക്കുണ്ട്. ഈശോയുടെ അത്ഭുതങ്ങളെല്ലാം മാനസാന്തരത്തിനു ക്ഷണിക്കുന്ന അടയാളങ്ങളായിരുന്നു: “കൊറാസിൻ, നിനക്കു ദുരിതം! ബേത്സയ്ദാ, നിനക്കു ദുരിതം! നിങ്ങളിൽ നടന്ന അത്ഭുതങ്ങൾ ടയറിലും സീദോനിലും നടന്നിരുന്നുവെങ്കിൽ അവിടുത്തെ ജനങ്ങൾ ചാക്കുടുത്തും ചാരംപൂശിയും പണ്ടേതന്നെ പശ്ചാത്തപിക്കുമായിരുന്നു” (ലൂക്കാ 10,13). ഈശോ ജറുസലേമിനെ നോക്കി വിലപിച്ചത്, താൻ നല്കിയ ദൈവരാജ്യത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കാതിരുന്നതുകൊണ്ടാണല്ലോ (ലൂക്കാ 13,34).

**മനുഷ്യകുലത്തിന്റെ ഇന്നത്തെ അവസ്ഥ**

ദൈവദത്തമായ മനുഷ്യപ്രകൃതിക്ക് അനുയോജ്യമല്ലാത്ത നിലപാടുകൾ സ്വീകരിച്ച ഒരു സമൂഹമായി ഇന്നത്തെ മനുഷ്യസമൂഹം പൊതുവേ മാറിയിരിക്കുന്നു. സ്നേഹമാകുന്ന ദൈവത്തിലുള്ള വിശ്വാസവും അതിൽനിന്നുരുത്തിരിയുന്ന ധാർമ്മികതയും നഷ്ടപ്പെട്ട ഒരു സമൂഹമായി മനുഷ്യകുലം അധഃപതിക്കുന്നില്ലേ? ദൈവത്തെ നിഷേധിക്കുന്നവർ, ജീവിതത്തിൽ ദൈവത്തിനു സ്ഥാനം കൊടുക്കാത്തവർ, ദൈവത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർ, ദൈവത്തെക്കൊണ്ടു മുതലെടുക്കുന്നവർ, ദൈവസ്നേഹവും അതിൽനിന്നുരുത്തിരിയുന്ന മനുഷ്യസ്നേഹവും ജീവിതനിയമമാക്കിത്തീർക്കാത്തവർ, മേധാവിത്വത്തിനുവേണ്ടി പരസ്പരം കലഹിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്ന വ്യക്തികളും രാഷ്ട്രങ്ങളും, ദൈവത്തിനു നിരക്കാത്ത ധാർമ്മികത ജീവിതനിയമമായി സ്വീകരിച്ചവർ... ഇങ്ങനെയുള്ളവരെല്ലാം ഉൾപ്പെടുന്ന മനുഷ്യകുലം ചിന്നിച്ചിതറിയ ദൈവമക്കളുടെ ഒരു സമൂഹമായിത്തീർന്നിരിക്കുന്നു. ഉപഭോഗ



വാദം, ആപേക്ഷികവാദം, പ്രായോഗികവാദം, ശാസ്ത്രീയഭൗതികവാദം, അഹംതത്ത്വവാദം എന്നിവയെല്ലാം ഇതിന്റെ ചില ഉദാഹരണങ്ങൾ മാത്രം. ഇപ്രകാരമുള്ള മനുഷ്യകുലത്തെ ഒന്നിപ്പിക്കുന്നതിനുവേണ്ടിയാണല്ലോ ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയയ്ക്കുകയും, അവിടുന്ന് തന്റെ ജീവിതബലിയർപ്പണത്തിലൂടെ രക്ഷാകരകർമ്മം നിർവഹിക്കുകയും ചെയ്തത് (യോഹ 11,51-52).

**മാനസാന്തരത്തിലൂടെ വിശ്വാസത്തിലേക്ക്**

സ്നേഹമാകുന്ന ദൈവം ഭരിക്കുന്ന അവസ്ഥയായ ദൈവരാജ്യത്തിലേക്കുള്ള നിർണ്ണായകമായ തിരിവ് അഥവാ ആഭിമുഖ്യമാണല്ലോ മാനസാന്തരം. ഈ മാനസാന്തരത്തിന് രണ്ടു മാനങ്ങളുണ്ട് - ദൈവസ്നേഹവും പരസ്നേഹവും. ഈ രണ്ടു മാനങ്ങൾക്കും ഇടിവു തട്ടിയിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്ന് മനുഷ്യസമൂഹത്തിൽ പൊതുവേ സംജാതമായിരിക്കുന്നത്. ഒരു വശത്ത് ദൈവത്തെ മറന്നുകൊണ്ടുള്ള ഭൗതികവാദവും, മറുവശത്ത് മനുഷ്യനെ മറന്നുകൊണ്ടുള്ള വ്യക്തിഗതവാദവും. ദൈവത്തെ പിതാവായി അംഗീകരിച്ചുകൊണ്ടുള്ള ഒരു വിശ്വാസജീവിതത്തിലൂടെ മാത്രമേ മനുഷ്യരെ സഹോദരങ്ങളായി അംഗീകരിച്ചുകൊണ്ടുള്ള സ്നേഹജീവിതം യാഥാർത്ഥ്യമാവുകയുള്ളൂ. ഈ വിശ്വാസത്തിനു തുടക്കം കുറിക്കുന്നത് മാനസാന്തരമാണെങ്കിൽ ആ മാനസാന്തരത്തിന്റെ തുടർച്ചയാണ് വിശ്വാസജീവിതവും സ്നേഹജീവിതവും. അതുകൊണ്ടാണല്ലോ "മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" എന്ന് ഈശോ ആഹ്വാനം ചെയ്തത് (മർക്കോ 1,15).

**കോവിഡ് ബാധയും ലോക് ഡൗണും: അടയാളങ്ങൾ**

കോവിഡ്ബാധയ്ക്കു വിധേയമായിരിക്കുന്ന മനുഷ്യകുലത്തിന്റെ ഇന്നത്തെ നിസ്സഹായതയുടെ സ്ഥിതിവിശേഷം ദൈവവിശ്വാസത്തിലൂടെ ദൈവസ്നേഹത്തിലേക്കും പരസ്നേഹത്തിലേക്കും തിരിയുവാൻ ദൈവം മനുഷ്യർക്കു നല്കുന്ന ആഹ്വാനത്തിന്റെ ഒരടയാളമായിത്തീർന്നിരിക്കുന്നു. മനുഷ്യർക്കാർക്കും മനുഷ്യനെ രക്ഷിക്കാനാവാത്ത സ്ഥിതിവിശേഷം, സർവ്വശക്തനും (എല്ലാം നിയന്ത്രിക്കുന്നവൻ) പിതാവും (എല്ലാം മനുഷ്യമക്കളുടെ നന്മയ്ക്കായി ക്രമീകരിക്കുന്നവൻ) ആയ ഏകദൈവത്തിന്റെ സ്നേഹത്തിലേക്കു തിരിയുവാൻ ഇന്നത്തെ തലമുറയെ ക്ഷണിക്കുന്ന അടയാളമാണിത്. ദൈവപിതാവ് താൻ സ്നേഹിക്കുന്നവർക്കു ശിക്ഷണം നല്കുകയും മക്കളായി സ്വീകരിക്കുന്നവരെ പ്രഹരിക്കുകയും ചെയ്യുന്നവനുമാണല്ലോ (ഹെബ്രാ 12,6). അതുപോലെതന്നെ, എല്ലാവരും ലോക്ക് ഡൗണും അതിനോടനുബന്ധിച്ചുള്ള പ്രതിരോധനിയന്ത്രണങ്ങളും സ്വീകരിക്കുവാൻ നിർബന്ധിക്കപ്പെടുന്ന സ്ഥിതിവിശേഷം, സഹോദരതുല്യം പരസ്പരം സ്നേഹിക്കുന്നതിലേക്കു തിരിയുവാൻ ഇന്നത്തെ തലമുറയെ ക്ഷണിക്കുന്ന അടയാളമാണ്. 'മനുഷ്യപുത്രൻ അന്നത്തെ തലമുറയ്ക്ക് അടയാളമായിത്തീർന്നതുപോലെ' (ലൂക്കാ 11,30) മിശിഹായുടെ ശരീരമാകുന്ന സഭ, മാനസാന്തരപ്പെട്ട് ദൈവസ്നേഹവും പരസ്നേഹവും ജീവിക്കുന്ന ഒരു സമൂഹമായിത്തീർന്ന്, ഇന്നത്തെ തലമുറയ്ക്ക് മാനസാന്തരാഹ്വാനം നല്കുന്ന അടയാളമായിത്തീരണം.

**പുരോഹിതജനത്തിന്റെ പ്രവാചകധർമ്മം**

കോവിഡ് ബാധയുടെ പശ്ചാത്തലത്തിൽ ഇന്നത്തെ മനുഷ്യസമൂഹത്തിനു ദൈവം നല്കുന്ന മാനസാന്തരത്തിനുള്ള ഈ വിളിയെക്കുറിച്ച് അവരെ അനുസ്മരിപ്പിക്കേണ്ടത് ദൈവത്തിന്റെ പുരോഹിതജനമായ സഭയുടെ പ്രവാചകധർമ്മമാണെന്നു കരുതുന്നു. ഹോസിയാപ്രവാചകന്റെ വാക്കുകൾ ഇതിനു പ്രചോദനമായിത്തീരുന്നുണ്ട്: "ഇസ്രായേൽജനമേ, കർത്താവിന്റെ വാക്കു കേൾക്കുക. ദേശവാസികൾക്കെതിരെ അവിടുത്തേക്ക് ഒരു ആരോപണമുണ്ട്. ഇവിടെ വിശ്വ

സ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ചനയും കൊലപാതകവും മോഷണവും വ്യഭിചാരവും സീമാതീതമായിരിക്കുന്നു. ... എന്നാൽ ആരും തർക്കിക്കേണ്ട: കുറ്റപ്പെടുത്തുകയും വേണ്ടാ. പുരോഹിതാ, നിനക്കെതിരെയാണ് എന്റെ ആരോപണം" (ഹോസിയാ 4,1-4). ശുശ്രൂഷാപൗരോഹിത്യവും രാജകീയപൗരോഹിത്യവും നല്കി നമ്മെ അനുഗ്രഹിച്ച നല്ല ദൈവത്തിന്റെ മുമ്പിൽ ഈ പ്രവാചകവിളി ഏറ്റെടുക്കുവാനും അതിനു പ്രത്യുത്തരം നല്കുവാനും നമുക്ക് -സഭയ്ക്ക്- ഉത്തരവാദിത്വമുണ്ട്.

**സഭ: ജനതകളുടെ പ്രകാശം**

ജനതകളുടെ പ്രകാശമായിത്തീരാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണല്ലോ സഭ (Vat II LG). "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ 5,14) എന്ന ഈശോയുടെ വാക്കുകൾ ഇത്തരുണത്തിൽ സഭാംഗങ്ങളുടെ കാതുകളിൽ മുഴങ്ങണം. ദൈവമല്ലാതെ മറ്റാരും, മറ്റൊന്നും അഭയമായിട്ടില്ല എന്ന അവസ്ഥയിലേക്കും സ്വന്തമായുള്ളവരോടുകൂടി ആയിരിക്കുവാനും പരസ്പരം സ്നേഹിക്കുവാനും ബഹുമാനിക്കുവാനും നിർബന്ധിക്കപ്പെടുന്ന അവസ്ഥയിലേക്കും ലോകരാഷ്ട്രങ്ങളെല്ലാം എത്തിച്ചേർന്നിരിക്കുന്ന ഇന്നത്തെ 'കോവിഡ് 19' പശ്ചാത്തലത്തിൽ മാനസാന്തരത്തിനുള്ള ദൈവത്തിന്റെ ക്ഷണത്തിന് പ്രത്യുത്തരം നല്കുവാനും ആ ക്ഷണത്തിന്റെ വക്താക്കളായിത്തീരുവാനും സഭാതനയർക്കു കഴിയണം. അതിന് അവരെ ആഹ്വാനംചെയ്യുവാൻ സഭാശുശ്രൂഷകർക്കും കഴിയണം. ആകയാൽ, ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന നിരവധിയായ കാരുണ്യപ്രവൃത്തികൾക്കും ആത്മീയപ്രചോദനങ്ങൾക്കുമൊപ്പം മാനസാന്തരത്തിനുള്ള ഈ ക്ഷണംകൂടി നല്കുവാൻ സഭാംഗങ്ങൾക്കെല്ലാം കഴിയട്ടെ എന്നാശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.


## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# കാലത്തിന്റെ തിരുത്തൽ വഴിയിൽ




**ഡോ. അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ലോ**കത്തിന് മുഖം നഷ്ടപ്പെട്ടിരിക്കുന്നു. നിരയൊത്ത പല്ലുകളും പാൽപുഞ്ചിരിയും ആകർഷണത്തിന്റെ വശ്യത വിട്ട് ഒരു തുണ്ടുതുണികൊണ്ട് മറയ്ക്കപ്പെട്ടിരിക്കുന്നു. അത്യാഡംബരങ്ങൾക്കൊണ്ട് ആകർഷകമാക്കിയിരുന്ന ആഘോഷരാവുകൾ ആരാലും അറിയപ്പെടാത്ത ചടങ്ങുതീർക്കൽ മാത്രമാകുന്നു. ധൂർത്തിന്റെ പുതുമാർഗ്ഗങ്ങൾ തേടിയിരുന്ന വിവാഹക്കമ്പോളങ്ങൾ ആളനക്കങ്ങളില്ലാതെ നിശബ്ദമായിരിക്കുന്നു. മനുഷ്യന്റെ അഹന്തയുടെയും അമിതാത്മവിശ്വാസത്തിന്റെയും ധാർഷ്ട്യവഴികൾക്കുമുമ്പിൽ ഒരു കുഞ്ഞൻ വൈറസ് തേരോട്ടം നടത്തുന്ന ഈ കൊറോണാക്കാലം ആത്മശോധനയുടെ ഒരു തിരുത്തൽ കാലമായി നാം തിരിച്ചറിയേണ്ടതുണ്ട്. ബഹിരാകാശത്തിന്റെ അനന്തവിഹായസിൽപോലും വികസനത്വരയുടെ വിജയക്കൊടി നാട്ടിയവനാണ് മനുഷ്യൻ. വിജ്ഞാനത്തിന്റെ വിസ്മയലോകം അവന്റെ വിരൽത്തുമ്പിൽ താളത്തിനൊപ്പം ചലിക്കാനായി നില്ക്കുന്നു. സർവ്വവും കാൽക്കീഴിലാണെന്ന മിഥ്യാധാരണ ദൈവനിഷേധത്തോളം മനുഷ്യനെ എത്തിച്ചപ്പോൾ കാലഘട്ടത്തിന്റെ ആവശ്യമായി മാറുകയാണ് കൊറോണാക്കാലം.

പ്രകൃതിയുടെ ദൈവനിയോഗങ്ങൾക്കു മേൽ മനുഷ്യന്റെ തന്നിഷ്ടങ്ങളേല്പിച്ച നിരന്തര പ്രഹരങ്ങളുടെ ഫലമാണ് പ്രകൃതിദുരന്തങ്ങൾ. മൃഗതുല്യമായ ജീവിതചര്യകളിലേക്ക് മനുഷ്യൻ ആർത്തിയോടെ ഇഴുകിച്ചേർന്നതിന്റെ ഫലമാണ് പകർച്ചവ്യാധികളെല്ലാംതന്നെ. എന്നാൽ, സമ്പന്നനെന്നോ ദരിദ്രനെന്നോ കറുത്തവനെന്നോ വെളുത്തവനെന്നോ വ്യത്യാസമില്ലാതെ ലോകത്തെ ആകമാനം കീഴടക്കുന്ന കോവിഡ് സമാനതകളില്ലാത്ത ഒരു ഭീകരാന്തരീക്ഷം ഇവിടെ സൃഷ്ടിക്കുകയാണ്. ഏതാനും ചിലരുടെ സ്വാർത്ഥതയ്ക്ക് ലോകം മുഴുവനും ഉത്തരം നല്കേണ്ടിവരുന്ന വേദനാജനകമായ അവസ്ഥ. എന്നിനി വീണ്ടും കാണാൻ കഴിയുമെന്ന അനിശ്ചിതത്വത്തിൽ ദിവസങ്ങൾ തള്ളിനീക്കുന്ന ഭാര്യാഭർത്താക്കന്മാർ. അന്യനാട്ടിലെവിടെയോ അപകടാവസ്ഥയിൽ കഴിയുന്ന മക്കളെപ്രതി തീ തിന്നു കഴിയുന്ന മാതാപിതാക്കൾ. ഉറ്റവരെയൊന്നു കാണാനാവാതെ, അന്ത്യകർമ്മങ്ങൾപോലും സ്വീകരിക്കാനാവാതെ കടന്നുപോകുന്ന ഹതഭാഗ്യരായ പതിനായിരങ്ങൾ. പ്രകൃതിയുടെ സ്വാഭാവിക പ്രതികരണത്തിൽ ലോകം ഉത്തരംമുട്ടി നില്ക്കുകയാണ്. ഇതു സ്രഷ്ടാവിന്റെ സ്വപ്നങ്ങളിലേക്ക് തിരിച്ചുനടക്കാനുള്ള തിരുത്തലിന്റെ സമയമാണ്.

അനശ്വരമായ ജീവനെ സംരക്ഷിക്കുവാൻ പാപത്തിന്റെ സാമൂഹ്യവ്യാപനത്തിനെതിരെ സാമൂഹ്യ അകലം പാലിക്കേണ്ടതുണ്ട്. ജീവവായു – പരിശുദ്ധാത്മാവ് – എന്ന ആത്മീയജീവനെ നമുക്കു പരിപോഷിപ്പിക്കാം. മലിനവും ആരോഗ്യകരമല്ലാത്തതുമായ വായു ശ്വസിക്കാനിടയാകരുത്, മറ്റുള്ളവർക്കു മലിനവായു പകരാനിടയാകരുത്. ധ്യാനമനനങ്ങൾക്കുവേണ്ടി നാവിനെ നിയന്ത്രിക്കാം. 'സംസാരത്തിൽ പിഴയ്ക്കാതിരിക്കാൻ ഞാനെന്റെ നാവിനെ നിയന്ത്രിക്കും' എന്നു പ്രതിജ്ഞ ചെയ്യാം. 'എന്റെ നാവിനും അധരങ്ങൾക്കും കാവൽ നിർത്തണമേ' എന്ന് കർത്താവിനോടു പ്രാർത്ഥിക്കാം. കൂടെക്കൂടെയുള്ള ശുചിയാക്കൽ, ആത്മാവിൽ പറ്റിപ്പിടിച്ചിരിക്കുന്ന കറകളെ, അണുക്കളെ കൂടെക്കൂടെ അനുതാപാഗ്നിയിൽ ശുദ്ധി ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. അശ്രദ്ധമൂലം മറ്റുള്ളവർക്കു പാപത്തിന്റെ സാഹചര്യങ്ങളൊരുക്കുകയോ ഇടർച്ചയ്ക്കു കാരണമാകുകയോ ചെയ്യരുത്.

മനുഷ്യൻ നിമിഷാർദ്ധത്തിന്റെ ഇടവേളയിൽ തകർന്നുവീഴാവുന്ന വെറും നീർക്കുമിളയാണെന്നു തിരിച്ചറിയുവാനുള്ള സമയമാണിത്. ദിനപത്രങ്ങളിലും വാർത്താ ചാനലുകളിലും ദിനംപ്രതി പെരുകുന്ന കണക്കുമാത്രമായിരുന്ന കൊറോണാഭീകരത നമ്മുടെ പടിവാതിൽക്കൽ എത്തിനില്ക്കുന്നു. നമുക്കൊരുമിച്ച് ഈ ഭീകരവ്യാധിയെ നേരിടാം. അകന്നുപോയവരെയൊക്കെ ചേർത്തു നിർത്താനും മിഥ്യാഭിമാനത്തിന്റെ മൂഢസ്വർഗ്ഗത്തിൽനിന്നു യാഥാർത്ഥ്യബോധത്തിലേക്ക് മടങ്ങിവരാനും ഈ ദുരന്താവസ്ഥയെ നമുക്കു പ്രയോജനപ്പെടുത്താം.



*"നാം നമ്മുടെ മാനസാന്തരം മരണംവരെ വീണ്ടും വീണ്ടും മാറ്റിവച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, മരണസമയത്ത് അതിനു സമയമോ ശക്തിയോ ലഭിക്കുമെന്ന് ആർക്കു പറയാൻ കഴിയും?"*

*വി. ജോൺ മരിയ വിയാനി*

# പ്രാപ്യമാണെല്ലാം

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*"ജീവിതത്തിലെ പ്രതിസന്ധിക ളിൽ നഷ്ടധൈര്യരാകാതെ വീണ്ടും ആരംഭിക്കുന്നതിനുള്ള ധൈര്യം ഉണ്ടാവണം".*

*ദൈവദാസൻ*
*ബിഷപ് വില്യം ജക്വീന്താ*



**പിതൃമൊഴി**

**ഇ**ന്ന് ലോകമെമ്പാടും ഉത്തരം കണ്ടെത്താനാവാത്ത ഒരു ചോദ്യമുന്നയിക്കുന്നു, കോവിഡ് 19 എന്ത്? എന്തുകൊണ്ട്? ശാസ്ത്രം തോറ്റുപോയിരിക്കുന്നു ഒരു ചെറു ജീവാണുവിനു മുന്നിൽ. ഏതുനേരവും മരണം കവർന്നെടുക്കാവുന്ന ജീവനെയോർത്ത് ആശങ്കപ്പെടുകയും, അകലെ നില്ക്കുന്നവരെമാത്രമല്ല, അയലത്തുള്ളവരെയും മാതാപിതാക്കളെയും മക്കളെയും സഹോദരങ്ങളെയുംപോലും തങ്ങളിൽനിന്നും അകറ്റിനിർത്താൻ തക്കവിധം ബന്ധങ്ങളെ വിച്ഛേദിക്കുവാൻ ഈ വില്ലൻ വൈറസിനു കഴിഞ്ഞിരിക്കുന്നു. ലോകമെങ്ങും മരണവിളിയുയർത്തി ഭീകരതാണ്ഡവമാടുന്ന മഹാമാരിയിൽനിന്നും മോചിതമാകാൻ കാലങ്ങളേറെ കാത്തിരിക്കേണ്ടിവരുമെന്ന് ശാസ്ത്രലോകം പറയുമ്പോൾ കൊറോണ വിതച്ച ദുരന്തത്തിന്റെ ഫലങ്ങൾ എത്ര ദൂരവ്യാപകമെന്നു ചിന്തിക്കാവുന്നതേയുള്ളു.

കൊറോണ എന്ന കുഞ്ഞൻ വൈറസ് ഒരുപാടുകാര്യങ്ങൾ മനുഷ്യരെ പഠിപ്പിച്ചിട്ടുണ്ട്. ജീവിതം ക്ഷണികമാണെന്നും മനുഷ്യൻ മനുഷ്യനെയും പ്രപഞ്ചത്തെയും ആദരിക്കുകയും പരസ്പരം കടമകൾ സ്നേഹബുദ്ധ്യാ നിറവേറ്റുകയും ചെയ്യണമെന്ന് അത് ഓർമ്മിപ്പിക്കുന്നു. സമൂഹത്തിലെ നിയമങ്ങൾ നിഷ്കർഷയോടെ പാലിക്കുവാനും മറ്റുള്ളവർക്ക് ദോഷകരമാകാത്തവ അനുവർത്തിക്കണമെന്നുമുള്ള നല്ല പാഠങ്ങൾ ഉൾക്കൊള്ളാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. സർവ്വോപരി, യാതൊന്നും മനുഷ്യന്റെ നിയന്ത്രണത്തിനധീനമല്ലെന്നും എല്ലാം സർവ്വശക്തനായ ദൈവത്തിന്റെ പദ്ധതിയുടെ പരിധിയിലാണെന്നുമുള്ള ഓർമ്മ അനേകരെ ഇന്ന് കൂടുതലായി ദൈവത്തിലേക്ക് അടുപ്പിച്ചിട്ടുണ്ട് എന്നതും ഒരു വസ്തുതയാണ്.

ഈ കൊറോണാക്കാലം വ്യക്തികൾ ആത്മനിയന്ത്രണം പാലിക്കുന്നതിനും പരസ്പരം ഭാരങ്ങൾ വഹിക്കുന്നതിനും ഭവനങ്ങളിലെ പരിധിക്കുള്ളിലായിരിക്കുന്നതിനും ശീലിച്ചു എന്നത് വലിയ ഒരു കാര്യംതന്നെയാണ്. ഈ വലിയ വിപത്ഘട്ടം സമഭാവനയിലൂടെ നേരിടുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നതുപോലെ നമ്മുടെ ആത്മീയജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെയും തരണംചെയ്യാൻ നമുക്കു സാധിക്കേണ്ടതുണ്ട്. ഏതു നേരവും തിരിച്ചുവിളിക്കപ്പെടാവുന്ന നമ്മുടെ ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചു ചിന്തിക്കുകയും സ്വാർത്ഥതയുടെ വഴികളിൽനിന്നും പിന്തിരിയുകയുമാണ് ആവശ്യകമായിട്ടുള്ളത്. കാലം നല്കുന്ന സൂചനകളെ തിരിച്ചറിയുവാനും അതിൽനിന്നു പാഠങ്ങൾ ഉൾക്കൊണ്ട് തിരുത്തേണ്ടവയെ തിരുത്തുവാനും കഴിയണം. നാമെല്ലാം നിസ്സാരരാണെന്ന അവബോധം സർവ്വാതിശായിയായ ദൈവത്തിന്റെ സന്നിധിയിലുണ്ടാകുമ്പോൾ അവിടുത്തെ മഹത്ത്വത്തിന്റെ സമ്പന്നതയിലേക്ക് നാം ഉയർത്തപ്പെടുകയാണ്. ഭൂമിയിൽ നമുക്കു നല്കപ്പെട്ടിരിക്കുന്നതെല്ലാം ദൈവത്തിന്റെ ദാനമാണ്. അങ്ങനെയെങ്കിൽ ദാനമായി സ്വീകരിച്ചവ ദാനമായി മറ്റുള്ളവർക്കു നല്കാനുള്ള ഉത്തരവാദിത്വംകൂടി നമുക്കുണ്ട്. ലോകത്തിലുള്ളവയെല്ലാം വെട്ടിപ്പിടിച്ച് നമുക്കായി മാത്രം സൂക്ഷിക്കുന്ന ഭോഷന്മാരാകാതെ അപരനിലേക്കു തിരിയുന്ന ഹൃദയവും കരങ്ങളും നമുക്കു സ്വന്തമാക്കാൻ സാധിച്ചാൽ, ദൈവകരങ്ങളിൽ ആശ്രയമർപ്പിച്ചാൽ, സ്വർഗ്ഗത്തിൽ നിക്ഷേപംകൂട്ടുവാൻ നമുക്കിടയാകും.



ജീവിതത്തിൽ ധാരാളം പ്രതിസന്ധികളെ നാം നേരിടേണ്ടതായുണ്ട്. വിവേകിയായ മനുഷ്യൻ ഒരിക്കലും പ്രതിബന്ധങ്ങളിൽ തളർന്നുപോകില്ല. മനസ്സിന്റെ ധൈര്യവും ശരിയായ ദിശാബോധവും അതിജീവനത്തിന്റെ പച്ചപ്പിൽ അവനെ കൊണ്ടുചെന്നെത്തിക്കും. ദൈവികതയിൽ മെനയപ്പെട്ട മനുഷ്യൻ ഈ ലോകത്തിലെ ജീവിതത്തിനപ്പുറം ഒരു പുതിയ ലോകത്തിലേക്കു പ്രവേശിക്കേണ്ടവനാണ്. ഭൗമികജീവിതത്തിൽ വിപരീതദിശകളെ തരണംചെയ്യാൻ കരുത്താർജ്ജിക്കുന്നതുപോലെ ആത്മീയജീവിതത്തിലുണ്ടാകുന്ന പ്രതിലോമങ്ങളെ മറികടക്കാൻ സാധിക്കുക എന്നതാണ് സർവ്വപ്രധാനമായ കാര്യം. പരിശ്രമങ്ങളിൽ പരാജയപ്പെടുമ്പോൾ നഷ്ടധൈര്യരാകാതെ വീണ്ടും പരിശ്രമിച്ചുകൊണ്ട് ആത്മീയതയുടെ ആഴങ്ങളിൽ ഹൃദയങ്ങളെ ഉറപ്പിക്കുവാൻ നമുക്കു സാധിക്കട്ടെ. വചനം പറയുന്നു: "നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും" (മത്താ 6,21). എല്ലാ സന്തോഷങ്ങൾക്കുമുപരി സ്വർഗ്ഗത്തിൽ നിക്ഷേപം കൂട്ടുവാൻ സാധിക്കേണ്ടതിന് നമുക്കു പരിശ്രമിക്കാം.



## കൊറോണ ഓർമ്മപ്പെടുത്തുന്ന

# ലാളിത്യത്തിന്റെ പാഠങ്ങൾ

**ലൂസിയാ മേലേടത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ആ**രും ആരെയും ശ്രദ്ധിക്കാതെ എന്തിനെന്നറിയാതെ എങ്ങോട്ടോ ഓടിക്കൊണ്ടിരുന്ന ഒരു കാലഘട്ടം. പെട്ടെന്ന് ലോകജനതയെ ഞെട്ടിക്കുമാറ് അപ്രതീക്ഷിതമായി കടന്നുവന്ന കോവിഡ്-19 എന്ന കൊറോണ! ചൈനയിൽ തുടങ്ങിയ കോവിഡിന്റെ പ്രത്യാഘാതങ്ങൾ മീഡിയായിലൂടെ കണ്ടപ്പോൾ കാര്യമാക്കാതിരുന്ന കേരളജനതയും ഇപ്പോൾ പകച്ചുനില്ക്കുകയാണ്. തങ്ങൾക്ക് അധികം പരിചയമില്ലാത്ത റെഡ് സോൺ, ഓറഞ്ച് സോൺ, ഗ്രീൻ സോൺ, ഹോട്ട് സ്പോട്ട് തുടങ്ങിയവയുടെ മുമ്പിൽ അല്പം അമ്പരന്നു. പെട്ടെന്ന് സംസ്ഥാനം മുഴുവൻ അടച്ചുപൂട്ടിയപ്പോൾ എല്ലാവരും കൂട്ടിലകപ്പെട്ട കിളിയെപ്പോലെയായി. മദ്യപാനികൾ മദ്യം ലഭിക്കാതെ വന്നപ്പോൾ മാനസികവിഭ്രാന്തിയിലായി. വിദ്യാഭ്യാസസ്ഥാപനങ്ങളും മറ്റ് ഇൻസ്റ്റിറ്റ്യൂഷനുകളും നോൺ എസെൻഷ്യൽ ആക്ടിവിറ്റിയിലേക്ക് മാറ്റപ്പെട്ടു. കോവിഡ്ബാധയ്ക്ക് വളരെയധികം ദൂഷ്യവശങ്ങളുണ്ടെങ്കിലും ഇത് നമ്മെ ഓർമ്മിപ്പിക്കുന്ന ലാളിത്യത്തിന്റെ കുറേ നല്ല പാഠങ്ങൾ ഉണ്ട്.

മനുഷ്യമനസ്സുകളിലും സമൂഹത്തിലും ഒത്തിരി നന്മയുടെ അംശങ്ങൾ ഒളിഞ്ഞുകിടപ്പുണ്ട് എന്ന് കണ്ടെത്തുവാൻ കോവിഡ് 19 സഹായിച്ചു. തട്ടുകടകളും ഹോട്ടലുകളും അടച്ചുപൂട്ടിയപ്പോൾ മനുഷ്യൻ വീട്ടിലുണ്ടാക്കുന്ന ഭക്ഷണങ്ങൾക്ക് രുചി കണ്ടെത്തി. ഭാര്യ ഉണ്ടാക്കുന്ന ഭക്ഷണം ഭർത്താവിന് ഹൃദ്യമായി അനുഭവപ്പെട്ടു. അമ്മയുണ്ടാക്കുന്ന ഭക്ഷണം മക്കൾ രുചിയോടെ ഭക്ഷിച്ചു. അതിന്റെ ഫലമായി കേരളജനത ആരോഗ്യവാന്മാരായി.

വാഹനഗതാഗതം നിയന്ത്രിച്ചതോടെ മനുഷ്യൻ ശുദ്ധവായു ശ്വസിച്ചു. ഹിമകണങ്ങളിലൂടെ കടന്നുവരുന്ന സൂര്യരശ്മികളുടെ കാഴ്ച നയനമനോഹരങ്ങളായി. തിരുവനന്തപുരം പട്ടത്തുനിന്നാൽ പശ്ചിമഘട്ടം ദൃശ്യമായി. സുവർണ്ണക്ഷേത്രത്തിനടുത്തുനിന്നു നോക്കുമ്പോൾ ഹിമാ

ലയമടക്കുകൾ കാണുവാൻ സാധിച്ചു. അന്തരീക്ഷമലിനീകരണം ഏറ്റവും രൂക്ഷമായ ഡൽഹി ശുദ്ധവായുവാൽ നിറഞ്ഞു.

എന്തിനും ഏതിനും ആശുപത്രിയെ ആശ്രയിച്ച് മരുന്നുകൾവാങ്ങി വയറുനിറച്ച മലയാളി സാധാരണ അസുഖങ്ങൾക്കെല്ലാം വീട്ടിൽത്തന്നെ പരിഹാരം കണ്ടെത്തിത്തുടങ്ങി. പറമ്പിലും തൊടിയിലും ലഭിക്കുന്ന പല ഔഷധസസ്യങ്ങളും രോഗപ്രതിരോധമാർഗ്ഗങ്ങളായി മലയാളി തിരിച്ചറിഞ്ഞു. ആശുപത്രിയിലെ ആൾക്കൂട്ടങ്ങൾ കുറഞ്ഞു. കോവിഡ് മഹാമാരിക്കുമുമ്പിൽ കാൻസറും ഹാർട്ട് അറ്റാക്കുംവരെ ഒന്നു പകച്ചു.

ബ്യൂട്ടി പാർലറുകളിൽ സമയവും പണവും ചെലവഴിച്ച മലയാളികളിൽ പലരും സൗന്ദര്യവർദ്ധനവിനുവേണ്ടി പ്രകൃതിയിലെ സ്വാഭാവികമാർഗ്ഗങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. വിവാഹം, മാമ്മോദീസാ, ആദ്യകുർബാന, വീടുവെഞ്ചരിപ്പ് തുടങ്ങിയ ആഘോഷങ്ങളിൽ പങ്കെടുക്കാവുന്ന ആളുകളുടെ എണ്ണം പരിമിതപ്പെടുത്തിയപ്പോൾ പല കാര്യങ്ങൾക്കും അനാവശ്യമായി ഒഴുക്കിയ പണം ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി മാറ്റി.

മാതാപിതാക്കളെ ഇറക്കിവിട്ട മക്കൾ അവരെ തിരിച്ചു വീട്ടിലേക്കു കൊണ്ടുവന്നു. വിവാഹമോചനത്തിനായി കോടതിയെ സമീപിച്ചവർ ഒരുമിച്ചു താമസിക്കുവാൻ തീരുമാനിച്ചു. പരസ്പരം സംസാരിക്കുവാൻ സമയമില്ലാതിരുന്ന ഭാര്യാഭർത്താക്കന്മാരും മക്കളോടു സംസാരിക്കുവാൻ സമയമില്ലാതിരുന്ന മാതാപിതാക്കളും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുവാനും ഹൃദ്യമായി സംസാരിക്കുവാനും തുടങ്ങിയതോടുകൂടി ഊഷ്മളമായ കുടുംബാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. ജങ്ക് ഫുഡിനോട് താല്പര്യം കാണിച്ചിരുന്ന യുവതലമുറ ചക്കയും ചക്കക്കുരുവും കപ്പയും ചേമ്പും ചേനയും കാച്ചിലുമൊക്കെ ഉൾപ്പെടുന്ന പരമ്പരാഗത ഭക്ഷണങ്ങൾ ഉപയോഗിക്കുവാൻ പഠിച്ചു. അത് നമ്മുടെ യുവതലമുറയുടെ ആരോഗ്യം വർദ്ധിപ്പിച്ചു. ദൈവാലയങ്ങൾ അടച്ചപ്പോൾ ഓരോ കുടുംബങ്ങളും ദൈവാലയങ്ങളായി. ഒന്നിച്ച് കുടുംബപ്രാർത്ഥനകൾ ഉരുവിട്ടപ്പോൾ കുടുംബങ്ങളിൽ സന്തോഷം കളിയാടി. “A family that prays together stays together” എന്ന തത്ത്വം പ്രാവർത്തികമായി.

മറ്റുള്ളവരെ സഹായിക്കുവാനും സംരക്ഷിക്കുവാനുമുള്ള മനോഭാവം കുടുംബത്തിൽ വർദ്ധിച്ചു എന്നത് എടുത്തുപറയേണ്ട ഒന്നാണ്. നേരത്തെ, പത്രവുംവായിച്ച് സിഗരറ്റും വലിച്ച്, ‘കാപ്പി, ചായ’ എന്നിങ്ങനെ കല്പന പുറപ്പെടുവിച്ചിരുന്ന ഭർത്താക്കന്മാർപോലും അടുക്കളയിൽ ഭാര്യയെ സഹായിക്കുവാനും ഭക്ഷണം പാകംചെയ്യുവാനും സഹായിക്കുന്നു എന്നത് വളരെ ക്രിയാത്മകമായ ഒരു കാര്യമായി പറയേണ്ടതാണ്.

ലാഭനഷ്ട കണക്കുകൾനോക്കി, കാർഷികരംഗം പരാജയമായി കരുതുകയും കൃഷിചെയ്യുന്നതിനെക്കാൾ ലാഭം വിഷം കലർന്ന പച്ചക്കറി തിന്നുന്നതാണ് എന്ന മലയാളിയുടെ മനോഭാവത്തിനും മാറ്റമുണ്ടായി. പച്ചക്കറികൃഷിയിലേക്കും അടുക്കളത്തോട്ടത്തിലേക്കും ശ്രദ്ധിക്കാൻ കോവിഡ് സഹായകമായി. അതുകൊണ്ടുതന്നെയാണ് മലയാളിയുടെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടതും.

അതുപോലെ പങ്കുവയ്ക്കൽ മനോഭാവം വളർത്തിയെടുക്കുവാനും ഈ കാലഘട്ടം

*“നീ ദൈവകൃപയുടെ ഒരു ശിശുവാണ്. ദൈവം നിനക്കു കൃപ നല്കിയെങ്കിൽ, അത് സൗജന്യമായി നിനക്കു നല്കിയതുകൊണ്ട് സൗജന്യമായി നീ സ്നേഹിക്കണം. പ്രതിസമ്മാനത്തിനുവേണ്ടി ദൈവത്തെ സ്നേഹിക്കരുത്. ദൈവമായിരിക്കട്ടെ നിനക്കുള്ള പ്രതിസമ്മാനം”*

*വി. ആഗസ്തീനോസ്*





സഹായിച്ചിട്ടുണ്ട്. ഒരു വീട്ടിലുണ്ടാകുന്ന പച്ചക്കറികളും കാർഷികവിളകളും അടുത്ത വീട്ടിലേക്കു കൊടുക്കുവാനും അടുത്ത വീട്ടിലേത് ഇങ്ങോട്ടു സ്വീകരിക്കുവാനും തക്ക വിശാല മനഃസ്ഥിതി മലയാളി വളർത്തിയെടുത്തു.

സ്വർണ്ണവും വസ്ത്രങ്ങളും പാത്രങ്ങളും പലചരക്കു സാധനങ്ങളും തുടങ്ങി പലതും അനാവശ്യമായി വാങ്ങിക്കൂട്ടുന്ന മലയാളിയുടെ മനോഭാവത്തിന് മാറ്റങ്ങൾ സംഭവിച്ചു. ഇക്കാര്യത്തിൽ മലയാളി ഒരു സ്വയംശിക്ഷണത്തിന് വിധേയമായി. വീടിനു പുറത്തിറങ്ങുവാൻപോലും പറ്റാത്ത സാഹചര്യം ജീവിതത്തിലുണ്ടാകുമെന്നും ഇതെല്ലാം ആവശ്യത്തിനുമാത്രം മതിയെന്നും ചെലവു ചുരുക്കേണ്ടത് നമ്മുടെ ജീവിതത്തിന് അത്യാവശ്യമാണെന്നും പഠിക്കുവാൻ ഇത് വളരെ ഉപകാരപ്രദമായി.

ആരോഗ്യപ്രവർത്തകരുടെയും പൊതുരംഗത്ത് മികച്ച സേവനങ്ങൾ ചെയ്യുന്നവരുടെയും ആതുരരംഗത്തു പ്രവർത്തിക്കുന്നവരുടെയുമെല്ലാം സേവനങ്ങളെ വിമർശനബുദ്ധിയോടെ കണ്ടിരുന്ന മലയാളി, അവരുടെ നിശബ്ദമായ, ജീവൻപോലും പണയംവച്ചും തങ്ങളുടെ കുടുംബങ്ങളെയും ബന്ധുക്കളെയും നഷ്ടപ്പെടുത്തിയും പ്രതിഫലത്തിനപ്പുറവും ചെയ്യുന്ന സേവനംകണ്ട് അവരെ ആദരവോടെ വീക്ഷിച്ചു. അവരുടെ പ്രവർത്തനങ്ങളെ എന്നും വിലമതിക്കേണ്ടതാണെന്നുള്ള വലിയ പാഠം ഈ കാലഘട്ടം പകർന്നു.

പച്ചയായ ജീവിതയാഥാർത്ഥ്യത്തിൽ, തനിമയാർന്ന അനുഭവസാക്ഷ്യങ്ങളുടെ ജീവിതപാഠം പഠിക്കുവാൻ കോവിഡ് 19 സഹായിച്ചു. ലാളിത്യത്തിന്റെയും സ്നേഹത്തിന്റെയും യാഥാർത്ഥ്യങ്ങൾ മലയാളിയെ മലയാളിയാക്കി. ൟ

ക്രിസ്തു ജീവിക്കുന്നു-6

# യുവവിശുദ്ധർ

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത



നമ്മുടെ യൗവനത്തെ പ്രശോഭിതമാക്കുന്ന മാതൃകയായ പരിശുദ്ധ അമ്മയുടെ യുവത്വത്തെക്കുറിച്ചു പറഞ്ഞതിനുശഷം ഫ്രാൻസിസ് പാപ്പാ യുവത്വം നിറഞ്ഞുനില്ക്കുന്ന 'യുവവിശുദ്ധ'രെക്കുറിച്ചാണ് 'ക്രിസ്തൂസ് വിവിത്തി'ന്റെ രണ്ടാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്. ജീവിതത്തെ മുഴുവനായും മിശിഹായ്ക്കു സമർപ്പിച്ച യുവവിശുദ്ധർ സഭയ്ക്കു മാതൃകയായി എന്നും നിലകൊള്ളുന്നവരാണ്. രക്തസാക്ഷിത്വം വരിച്ചുകൊണ്ടുപോലും കർത്താവിനുവേണ്ടി തങ്ങളെത്തന്നെ സ്വയം സമർപ്പിച്ചവരാണിവർ.

യുവാവായ ഈശോയുടെ ജീവിതത്തിന്റെ നന്മകളെയും മൂല്യങ്ങളെയുമാണ് ഈ വിശുദ്ധർ തങ്ങളുടെ ജീവിതങ്ങളിലൂടെ പ്രതിഫലിപ്പിക്കുന്നത്. മിശിഹായുടെ പ്രതിബിംബങ്ങളായ ഈ യുവവിശുദ്ധർ തങ്ങളുടെ ജീവിതസാക്ഷ്യങ്ങളിലൂടെ മറ്റുള്ളവരെ, പ്രത്യേകിച്ച് യുവമനസ്സുകളെ പ്രോത്സാഹിപ്പിക്കുകയും, മന്ദതയിലായിരിക്കുന്നവരെ തീക്ഷ്ണതയുള്ളവരാക്കുകയും ഉറങ്ങുന്നവനെ ഉണർത്തുകയും ചെയ്യുന്നു.

വിശുദ്ധരുടെ ജീവിതശൈലി യുവജനങ്ങൾക്ക് എന്നും പ്രചോദനകാരണമാണ്. അനേകം യുവവിശുദ്ധർ യൗവനത്തിന്റെ സവിശേഷതകൾ അവയുടെ എല്ലാ സൗന്ദര്യങ്ങളോടുംകൂടെ പ്രസരിപ്പിക്കുന്നവരാണ്. മാറ്റത്തിന്റെ യഥാർത്ഥ പ്രവാചകരായി യുവവിശുദ്ധർ തീർന്നിട്ടുണ്ട്. മിശിഹായോടു കൂടിച്ചേർന്നു നിന്ന ഇവരുടെ ജീവിതം യുവജനങ്ങൾക്കു മിശിഹായോടു ചേരാൻ പ്രേരണയും പ്രചോദനവുമാണ്.

സഭയുടെ ആത്മീയചൈതന്യവും പ്രേഷിതവീര്യവും ഇന്ന് നവീകരിക്കപ്പെടുന്നത് യുവജനങ്ങളുടെ വിശുദ്ധിവഴിയാണ്. "യുവജനങ്ങളുടെ നല്ല ജീവിതം ഉളവാക്കുന്ന വിശുദ്ധിയാകുന്ന പരിമളതൈലം സഭയുടെയും ലോകത്തിന്റെയും മുറിവുകൾ സുഖപ്പെടുത്തുവാനുതകും. ചില വിശുദ്ധർ പ്രായപൂർത്തി പ്രാപിക്കാതെതന്നെ സ്വർഗ്ഗീയജീവിതത്തിനു വിളിക്കപ്പെട്ടവരാണെങ്കിലും നമ്മുടെ ജീവിതം ചിലവഴിക്കുന്നതിന് വേറിട്ട ഒരു വഴിയുണ്ടെന്ന് അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നുണ്ട്. ചരിത്രത്തിന്റെ വ്യത്യസ്ത കാലഘട്ടങ്ങളിൽ ജീവിച്ച വിശുദ്ധരും അവരുടെ വിശുദ്ധമായ ജീവിതവും നാം ധ്യാനിക്കേണ്ട വിഷയങ്ങളാണെന്ന് മാർപാപ്പാ ഓർമ്മിപ്പിക്കുന്നു.

**വി. സെബാസ്റ്റ്യൻ**: പ്രെറ്റോറിയൻ ഗാർഡിലെ ഒരു യുവ ക്യാപ്റ്റനായിരുന്നു. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ച വി. സെബാസ്റ്റ്യൻ. കണ്ടുമുട്ടുന്നവരോടെല്ലാം ഈശോയെക്കുറിച്ച് നിരന്തരം സംസാരിക്കുകയും 'ക്രിസ്തുചൈതന്യം' മറ്റുള്ളവർക്കു പകർന്നു നല്കുകയും ചെയ്യാൻ അദ്ദേഹം എന്നും ശ്രദ്ധിച്ചിരുന്നു. ക്രിസ്തീയവിശ്വാസത്തിൽനിന്നും വ്യതിചലിക്കുന്നവരെ, ചഞ്ചലമാനസരായവരെ ഈശോയിലുള്ള വിശ്വാസത്തിൽ അടിയുറച്ചു നില്ക്കാൻ പ്രേരിപ്പിക്കുകയും അവരെ മാനസാന്തരപ്പെടുത്തുകയും ചെയ്യുന്നവനായിരുന്നു വി. സെബാസ്റ്റ്യൻ. ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കാൻ, ഈശോയെ തള്ളിപ്പറയാൻ അധികാരികൾ നിർബന്ധിച്ചപ്പോഴും, വധഭീഷണി മുഴക്കിയപ്പോഴും അതിനെയൊക്കെ മറികടന്ന് ഭയപ്പെടാതെ മിശിഹായെ പ്രഘോഷിച്ച് രക്തസാക്ഷിത്വം വരിച്ച യുവാവാണ് അദ്ദേഹം.

**വി. ഫ്രാൻസിസ് അസ്സീസി:** ഈശോമിശിഹായുടെ ശൈലിയും ചൈതന്യവും ജീവിതത്തിൽ പ്രാവർത്തികമാക്കാൻവേണ്ടി ദാരിദ്ര്യത്തിന്റെ ഭാവം സ്വീകരിക്കുകയും അനേകർക്ക് സാഹോദര്യത്തിന്റെ പുതിയ പാഠം പകർന്നു നല്കുകയും ചെയ്ത വ്യക്തിയാണ് ഈ വിശുദ്ധൻ. സ്വന്തമായിട്ടുള്ളതെല്ലാം ഈശോയെപ്രതി ത്യജിച്ച് സാർവ്വത്രികസാഹോദര്യത്തിന്റെ വിശുദ്ധനായി മാറി. പ്രപഞ്ചസൃഷ്ടികളെപ്രതി കർത്താവിനെ എന്നും സ്തുതിക്കുന്നവനായിരുന്നു വി. ഫ്രാൻസിസ്.

**വി. ഡൊമിനിക് സാവിയോ:** ജീവിതത്തിലെ തന്റെ സഹനങ്ങളും വേദനകളുമെല്ലാം മറിയത്തിനു കാഴ്ചവച്ചവനായിരുന്നു വി. ഡൊമിനിക് സാവിയോ. 'നിരന്തരം സന്തോഷത്തിലായിരിക്കുക' എന്നതാണ് വിശുദ്ധി എന്നു മനസ്സിലാക്കിയ ഡൊമിനിക് ജീവിതത്തിന്റെ ഓരോ നിമിഷവും സന്തോഷത്തോടെ വ്യാപരിക്കുവാൻ ശ്രദ്ധിച്ചിരുന്നു. തന്റെ കൂട്ടുകാരിലെ ശക്തന്മാരോടൊപ്പം ആയിരിക്കുക എന്നതിനെക്കാൾ 'തിരസ്കൃതരും ദുർബലരുമായവരോടൊപ്പം' ആയിരിക്കുവാൻ ഡൊമിനിക് ഏറെ ഇഷ്ടപ്പെട്ടു.

**വി. കൊച്ചുത്രേസ്യാ:** 1873 ൽ ജനിച്ച ഉണ്ണീശോയുടെ വി. തെരേസാ, മിശിഹായ്ക്കുവേണ്ടി ജീവിച്ച വിശുദ്ധയാണ്. വിവിധ തരം പ്രതിബന്ധങ്ങളെ മറികടന്നുകൊണ്ട് കർമ്മലമഠത്തിൽ ചേർന്ന തെരേസ 'നിരന്തര പ്രാർത്ഥന'വഴി തിരുസ്സഭയുടെ ഹൃദയത്തിൽ എരിയുന്ന സ്നേഹാഗ്നി ഊതിക്കത്തിച്ചുകൊണ്ടിരുന്നു.

വിശുദ്ധർ തങ്ങളുടെ ജീവിതത്തിൽ 'മിശിഹായെ' കൂടെകൊണ്ടു നടന്നവരായിരുന്നു. സുവിശേഷം മൗനമായും രഹസ്യമായും അതിന്റെ പൂർണ്ണതയിൽ ജീവിച്ചിരുന്നവരായിരുന്നു. അവരുടെ ജീവിതത്തിന്റെ ശൈലികൾ ഇന്നത്തെ യുവജനതയ്ക്കു മാതൃകയും വഴികാട്ടിയുമാണ്. വിശുദ്ധിയുടെ പുത്തൻസാക്ഷ്യങ്ങൾ ലോകത്തിന് അവർ നല്കി.

# കാവലാൾ-22

ജാൻസി ടീച്ചർ
കറുകപ്പറമ്പിൽ

ലൈസാമ്മ ആന്റി സ്റ്റീനായ്ക്ക് ഒരു ശല്യമായി മാറാൻ തുടങ്ങി. ആ പുതിയ രക്ഷാകർത്താവ് ദൈവകൃപയെ വില്പന നടത്തുമെന്ന് അവൾ ഭയന്നു.

അവൾ കുഞ്ഞാന്റിയോടു പറഞ്ഞു: "കുഞ്ഞാന്റീ, ഞാൻ ശാലയിലേക്കുതന്നെ പോകട്ടെ?"

"അതെന്താ മോളേ?"

"അത്... ഒരാളിൽ ദൈവകൃപ വെളിപ്പെടുന്നത് ചിലപ്പോൾ ഒരു സമൂഹത്തിനുവേണ്ടിയായിരിക്കും. ചിലപ്പോൾ ചില പ്രത്യേക സഹനങ്ങൾവഴി ശുദ്ധീകരണം നടത്തുവാൻ. ചിലപ്പോൾ ചില സന്ദേശങ്ങൾ ലോകത്തിനു നല്കാൻ. പക്ഷേ, ഈ കൃപകളെല്ലാം മൺപാത്രങ്ങളിൽ നല്കപ്പെട്ട നിധിപോലെയാ. താഴെ വീണാൽ തകർന്നുപോകും. എനിക്കു ദൈവംതന്ന അനുഗ്രഹങ്ങളിൽ അഹങ്കരിക്കുവാൻ എനിക്കൊരവകാശവുമില്ല".

അവൾ പറഞ്ഞതെല്ലാമൊന്നും ആ പാവത്തിനു മനസ്സിലായില്ല. പക്ഷേ, അവളിലെ അസാധാരണത്വം ആഘോഷിക്കപ്പെടേണ്ടതല്ല എന്ന ബോധ്യം കിട്ടി.

ജോയി അങ്കിളിനെ സമ്മതിപ്പിച്ച് അവൾ ശാലയിൽ തിരികെ എത്തി. മാഗിയമ്മയുടെകൂടെ ശാലയുടെ ചാർജെടുക്കുവാൻ വിനീതസിസ്റ്റർ എത്തി. കുട്ടികൾക്ക് വലിയ സന്തോഷമായി.

ജൂൺമാസം ഈശോയുടെ തിരുഹൃദയമാസമായതിനാൽ മിക്ക ദിവസങ്ങളിലും തിരുഹൃദയജപമാല ചൊല്ലി കുട്ടികൾ പ്രാർത്ഥിച്ചിരുന്നു. ഒരു ദിവസം ഈശോയുടെ തിരുഹൃദയരൂപത്തിലേക്കു നോക്കിയിരിക്കുമ്പോൾ സ്റ്റീനായ്ക്കു തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. ആ ഹൃദയം തുടിക്കുന്നതും അതിൽനിന്നു രക്തം പൊടിക്കുന്നതും അവൾക്കു കാണാൻകഴിഞ്ഞു.



അവൾ മിനിക്കുട്ടിയോടു ചോദിച്ചു:

“മോളേ, നിനക്കീ രൂപത്തിൽ എന്തെങ്കിലും പ്രത്യേകത കാണുന്നുണ്ടോ?”

“എനിക്കൊന്നും കാണാൻ പറ്റുന്നില്ല”. മിനിക്കുട്ടി ഉള്ള കാര്യം പറഞ്ഞു.

മറ്റുള്ളവർ കാണാത്തതൊക്കെ തന്റെ കണ്ണുകൾ കാണുന്നു. ജോസഫച്ചനെ കണ്ടിരുന്നുവെങ്കിൽ എന്ന് അവൾ ആഗ്രഹിച്ചു. അന്നു വൈകിട്ട് ജോസഫച്ചൻ ഒരു പുതിയ കുട്ടിയെ ശാലയിൽ നിർത്തുന്ന കാര്യം പറയാൻ അവിടെ എത്തി. തിരക്കു കഴിഞ്ഞപ്പോൾ സ്റ്റീനാ അച്ചന്റെയടുത്തു വന്നു. “എന്താ മോളേ, ആന്റിയുടെ വീട്ടിൽനിന്നും പോന്നത്?”

അച്ചാ അവിടുത്തെ അമ്മച്ചി പലരുടെയും അടുത്ത് എനിക്കു വലിയ കൃപയുള്ള ആളാണെന്നും എന്നെക്കൊണ്ട് പ്രാർത്ഥിപ്പിക്കാമെന്നുമൊക്കെ പറഞ്ഞ് നടക്കുന്നതും ചിലരൊക്കെ എന്നെ തൊട്ടുമുത്തുന്നതുമൊക്കെ പതിവായി. അച്ചൻ പറഞ്ഞില്ലേ ഇത് മനുഷ്യമഹത്ത്വത്തിനുള്ള കാര്യമല്ല എന്ന്. അവരോട് മുഷിഞ്ഞു പറയാതിരിക്കാൻ അവിടം ഉപേക്ഷിക്കുന്നതാണു നല്ലതെന്നു തോന്നി”.

“വളരെ ശരിയായ തീരുമാനം. മോളെ പരിശുദ്ധ അമ്മതന്നെ നയിക്കും. ദൈവത്തോട് ആലോചന ചോദിക്കുന്നവരെ ദൈവത്തിന് ഉപേക്ഷിക്കാനാവില്ല”.

“അച്ചാ, മറ്റൊരു പ്രധാന കാര്യംകൂടിയുണ്ട്. സഭയ്ക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും സഹനങ്ങൾ ഏറ്റെടുക്കാൻ തയ്യാറാണെന്ന് ഞാൻ ഈശോയോടു പറഞ്ഞു. ഈ രണ്ടു വർഷങ്ങൾ പഠനം കഴിഞ്ഞാൽ മിണ്ടാമഠത്തിൽ ചേർന്ന് ഈശോയോടുമാത്രം സംസാരിക്കാൻ എനിക്കു താല്പര്യമുണ്ട്. അച്ചൻ പ്രാർത്ഥിക്കണം”.

“നല്ല തീരുമാനമാണ്. പക്ഷേ, സന്ന്യാസം ഒരു വെല്ലുവിളിയാണു മോളേ. പ്രത്യേകിച്ച് നിന്നെപ്പോലെയുള്ള ഒരാൾക്ക്. എന്തായാലും നീ പരിശുദ്ധ അമ്മയിൽ ശരണംവയ്ക്കുക. നിന്റെ കഴിവുകളെല്ലാം അവിടുത്തെ ദാനമാണെന്ന് ദൈവപിതാവിനോട് ഏറ്റുപറയുക. ദൈവം നിന്നെ അനുഗ്രഹിക്കും. പിന്നെ നമ്മുടെ വിനീതസിസ്റ്റർ കാൻസർരോഗത്തിൽനിന്നും രക്ഷപെട്ടു വന്നതാണെന്ന് അറിയാമല്ലോ. എന്തുവന്നാലും ദൈവമഹത്ത്വത്തിന് എന്നു പറയുന്ന ആ സിസ്റ്ററിന് നിന്നെ നന്നായി ഗൈഡു ചെയ്യാൻ കഴിയും. നിനക്കു പന്തക്കുസ്താ അനുഭവമുണ്ടായതുപോലെ ദിവ്യകാരുണ്യാനുഭവത്തിന്റെ നേർസാക്ഷ്യമാണ് സിസ്റ്റർ വിനീത. നിങ്ങൾ ഇടക്ക് ഒരുമിച്ചു പ്രാർത്ഥിക്കുക. ഞാനും പ്രാർത്ഥിക്കാം. അച്ചൻ അവളുടെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു യാത്രയായി. (തുടരും...)




ഷിജി പറപ്പള്ളിയാത്ത്

# പൂർവ്വജോസഫ് - 2

**ഈ**ജിപ്തിലെ അടിമയായി തുടക്കമിട്ട ജോസഫിന്റെ ജീവിതത്തെക്കുറിച്ച് അറിഞ്ഞിരിക്കുക ഉചിതം തന്നെ. ഫറവോയുടെ കാവൽപ്പടനായകനായ ഫൊത്തിഫർ തന്റെ അടിമയായി ജോസഫിനെ വാങ്ങുന്നു. അവന്റെ വിശ്വസ്തത കണ്ടറിഞ്ഞതിനാൽ അടിമസ്ഥാനത്തുനിന്ന് കാര്യസ്ഥനായി നിയമിച്ചു. "കർത്താവ് ജോസഫിന്റെ കൂടെ ഉണ്ടായിരുന്നു. എല്ലാക്കാര്യങ്ങളിലും അവന് ശ്രേയസുണ്ടായി" (ഉൽപ 39,2). അവിടെ യജമാനന്റെ ഭാര്യ പാപത്തിന് പ്രേരിപ്പിച്ചെങ്കിലും അതിന് വഴിപ്പെടാത്തതിനാൽ മേലങ്കി ഉപേക്ഷിക്കേണ്ടിവന്നു. അത് തിരികെ പിടിക്കാൻ അവൻ മൽപിടുത്തം നടത്തുന്നില്ല. തിന്മക്കെതിരെയുള്ള പോരാട്ടത്തിൽ ഉപേക്ഷിക്കേണ്ടിവന്ന മേലങ്കി തെളിവുതുണ്ടായി, ഫലമോ ജോസഫ് കാരാഗൃഹത്തിന്റെ ഇരുട്ടറയിൽ! അവിടെ അവൻ സ്വഭാവശുദ്ധികൊണ്ട് സഹതടവുകാരുടെ സ്നേഹത്തിന് പാത്രമായി. കാരഗൃഹസൂക്ഷിപ്പുകാരൻ തടവുകാരുടെ മേൽനോട്ടം ജോസഫിനെ ഏൽപിക്കുന്നതുകാണാം. ഫറവോയുടെ പാനപാത്രക്കാരന്റെയും പാചകപ്രമാണിയുടെയും സ്വപ്നവ്യാഖ്യാനങ്ങൾ നടത്തിയ ജോസഫ് നാളുകൾക്കുശേഷം ഫറവോയുടെ സ്വപ്നവും വ്യാഖ്യാനിച്ചു. വ്യാഖ്യാനത്തിലും നിർദ്ദേശത്തിലും ഗൗരവം കണ്ടെത്തിയ ഫറവോ അവനെ കാര്യസ്ഥനായി നിയമിച്ചു. ദുരിതനാളിൽ കരുതലോടെ കരം ചേർത്തണച്ച ദൈവം എന്നും കൂടെയുണ്ടെന്ന് ജോസഫിനറിയാം. കഷ്ടതകളിൽ പരാതിയും പരിഭവവും അവൻ കാണിച്ചില്ല. കാരണം ദൈവവിശ്വാസവും ആത്മവിശ്വാസവും അവനിൽ വേരുറപ്പിച്ചിരുന്നു. പൊള്ളുന്ന അനുഭവങ്ങളിലും വിശ്വസ്തതയുടെ ചുവടുകൾ വച്ച ജോസഫിനെ ദൈവം കണ്ടു. അവന്റെ ജീവിതപടവുകൾക്ക് അനുഗ്രഹത്തിന്റെ നീർച്ചാലുകൾ സമ്മാനിച്ചു. ഈജിപ്തു മുഴുവന്റെയും ഭരണാധികാരിയായപ്പോൾ മനുഷ്യരോടുമുള്ള വിശ്വസ്തത പ്രായോഗികമാക്കുന്ന ജോസഫിനെ ഉല്പത്തിപുസ്തകം കാണിച്ചുതരുന്നു. തന്റെ മുമ്പിൽ നിൽക്കുന്ന ജോസഫിനോട് ഫറവോ പറയുന്നു: "നിന്നെപ്പോലെ വിവേകിയും ബുദ്ധിമാനുമായ ഒരാൾ വേറെയില്ല. നീ എന്റെ വീടിനു മേലാളായിരിക്കും. എന്റെ ജനം മുഴുവൻ നിന്റെ വാക്കനുസരിച്ച് പ്രവർത്തിക്കും. സിംഹാസനത്തിൽ മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും" (ഉൽപ 41,39-40).

കുലീനനും അതിസമർത്ഥനും ഔദാര്യശീലനുമായ ഒരു ഭരണകർത്താവായിരുന്നു ജോസഫ്. അധികാരവും വിജയവും അവനെ അഹങ്കാരിയാക്കിയില്ല. പകരം ദൈവസംരക്ഷണത്തിന്റെ തണലായിരുന്നു അവന്റെ ബലം. ഏഴ് വർഷക്കാലത്തെ സമൃദ്ധിയിൽനിന്ന് കണക്കറ്റവിധം ധാന്യം അവൻ കഷ്ടകാലത്തേക്ക് ശേഖരിച്ചു. തുടർന്ന് ക്ഷാമത്തിന്റെ കാലമാരംഭിച്ചപ്പോൾ ഈജിപ്തുകാർ ഫറവോയുടെ പക്കൽ ആഹാരത്തിനായി അപേക്ഷിച്ചു. ഫറവോ അവരോടു പറഞ്ഞു: "ജോസഫിന്റെ അടുത്ത് ചെല്ലുക, അവൻ പറയുന്നതുപോലെ ചെയ്യുക". കലവറകൾ തുറന്ന് ജോസഫ് അവരെ സംതൃപ്തരാക്കി.

അക്കാലത്ത് കാനാനിൽ പാർത്തിരുന്ന യാക്കോബ് തന്റെ മക്കളെ ധാന്യം വാങ്ങാൻ ഈജിപ്തിലേക്ക് പറഞ്ഞയയ്ക്കുന്നു. ഭക്ഷണത്തിനായി തന്റെ മുമ്പിൽ കൈനീട്ടി നില്ക്കുന്ന സഹോദരങ്ങളെ കണ്ടപ്പോൾ പഴയ സംഭവങ്ങൾ അദ്ദേഹത്തിന്റെ മനസ്സിലൂടെ കടന്നുപോയി കാണും. അപരിചിതരെപ്പോലെ അവരോട് പെരുമാറുകയും രസകരമായ തമാശകൾ കാട്ടി



തന്റെ കുടുംബത്തിന്റെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കാൻ ശ്രമിക്കുന്ന ജോസഫിന്റെ കുസൃതികൾ കുട്ടികളുടേതുപോലെ തോന്നാം. പകരം വീട്ടാതെ സഹോദരങ്ങൾക്കുമുമ്പിൽ ഒന്നു കരയുവാൻ ഇടംതേടുന്ന ജോസഫിന്റെ വിങ്ങുന്ന ഹൃദയം ആരുടെ നയനങ്ങളാണ് ഈറനണിയിക്കാതിരിക്കുന്നത്. സോദരസ്നേഹത്തിന്റെ ചൂടറിയാൻ ജോസഫ് ശ്രമിക്കുന്നു. സത്യം തിരിച്ചറിയുന്ന സഹോദരങ്ങൾക്കു മുമ്പിലെ അവന്റെ നിലപാട് ആദരവിന്റേതാണ്. "എന്നെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ട. കാരണം ജീവൻ നിലനിർത്താൻവേണ്ടി ദൈവമാണ് എന്നെ നിങ്ങൾക്കു മുമ്പേ ഇങ്ങോട്ടയച്ചത്" (ഉൽപ 45,5). അങ്ങനെ തന്റെ പിതൃകുടുംബത്തെ മുഴുവൻ പട്ടിണിയിൽനിന്ന് രക്ഷിക്കാൻ തന്റെ അടുത്ത് ഇടമൊരുക്കുന്ന ജോസഫ് പിതാവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രമാവുകയും ചെയ്യുന്നു. യാക്കോബിന്റെ മരണശേഷം തങ്ങളോട് ജോസഫ് പകരം വീട്ടുമോ എന്ന ഭയത്തിലായിരിക്കുന്ന സഹോദരങ്ങളെ ധൈര്യപ്പെടുത്തുകയും സാന്ത്വനപ്പെടുത്തുകയും ചെയ്തു. "നിങ്ങൾ എനിക്ക് തിന്മചെയ്തു. പക്ഷേ അത് ദൈവം നന്മയായി മാറ്റി. ഇന്നു കാണുന്നതുപോലെ അനേകം പേരുടെ ജീവൻ രക്ഷിക്കാൻവേണ്ടിയാണ് അവിടുന്ന് അതു ചെയ്തത്" (ഉൽപ 50,20).

സന്താപത്തിലും സന്തോഷത്തിന്റെ സമൃദ്ധിയിലും ദൈവത്തിന്റെ കരം ദർശിച്ച വിശ്വസ്തനായ മനുഷ്യൻ-ജീവിതത്തിന്റെ ഏതവസ്ഥയിലും സംതൃപ്തനായവൻ. തന്റെ ആയുഷ്കാലം പൂർത്തിയാക്കി ജോസഫ് മരിക്കുമ്പോൾ, പിൻമുറക്കാർക്ക് നന്മമാത്രം അവൻ ആശംസിക്കുന്നു.

**ചിന്തിക്കാൻ:**

* *പരാജയങ്ങളിൽ നിരാശവേണ്ട.*
* *പാപത്തോട് ധൈര്യപൂർവ്വം വിടപറയുക.*
* *ദൈവത്തോടും മനുഷ്യരോടും വിശ്വസ്തനാവുക.*
* *പകവീട്ടാതെ നന്മമാത്രം ചെയ്യുക.*

# ഇരുട്ടിലേക്കുള്ള എടുത്തുചാട്ടം



നെവിൻ മങ്ങാട്ട്

**മാ**തൃത്വവും പിതൃത്വവും അനുഗൃഹീതമാകുന്നിടത്ത് വിശുദ്ധരായ സമർപ്പിതാത്മാക്കൾ പിറവിയെടുക്കുന്നു എന്ന സത്യത്തെ ലോകത്തിനുമുമ്പിൽ ഉയർത്തിക്കാട്ടുന്ന വിശുദ്ധിയുടെ ഒരു കുടുംബമിതാ...

ഒമ്പതു മക്കളുള്ള മാതാപിതാക്കളായിരുന്നു വി. ലൂയിജി മാർട്ടിനും വി. മേരി സെലിഗ്വരിനും. തങ്ങളുടെ നാലു മക്കളുടെ മരണം കൺമുമ്പിൽ കണ്ടപ്പോഴും കണ്ണുകൾ ദൈവത്തിലേക്ക് ഉയർത്തി ദൈവഹിതം കണ്ടെത്തിയവർ...

പ്രാർത്ഥനയുടെ ഫലമായി ജനിച്ച മക്കളിൽ നാലാമനായ മരിയ ജോസഫ് ലൂയിസിന്റെ മൂന്നാം മാസത്തിലുള്ള വേർപാടും അഞ്ചാമനായ ജോൺ ബാപ്റ്റിസ്റ്റിന്റെ ആറാം മാസത്തിലുള്ള വേർപിരിയലും അഞ്ചുവയസ്സുകാരി ഹെലന്റെയും രണ്ടു മാസം പ്രായമായ മരിയ തെരേസ് മെലാനിയുടെയും വേർപാടും ഏതൊരു മാതാപിതാക്കളെയുംപോലെ ഇരുവരെയും സങ്കടപ്പെടുത്തിയെങ്കിലും വിശുദ്ധയായ അമ്മ ഇപ്രകാരം കുറിച്ചു... "മക്കളുടെ ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ അവരുടെ അമ്മ കൂടെയുണ്ടാവുക എത്രയോ ദുഃഖപൂർണ്ണമായ അവസ്ഥയാണ്. എങ്കിലും ദൈവതിരുമനസ്സ് നിറവേറട്ടെയെന്നു ഞാൻ പ്രാർത്ഥിച്ചു. ചിലരൊക്കെ എന്റെ സങ്കടം കണ്ടു പറയുന്നു, ഞാൻ ജനിക്കാതിരുന്നിരുന്നെങ്കിലെന്ന്. എന്റെ സങ്കടംമാത്രം കാണുന്നതുകൊണ്ടായിരിക്കാം അങ്ങനെ പറയുന്നത്. എന്നാൽ നാം നോക്കേണ്ടത് ദൈവത്തിലേക്കാണ്".

കാണുക, ഒരു പുണ്യാത്മാവിന്റെ ആത്മസമർപ്പണം! ശേഷിച്ച അഞ്ചു മക്കളെയും സമർപ്പിതരായി, വിശുദ്ധരായി ലോകത്തിനു നല്കിയ വിശുദ്ധയായ ആ അമ്മ, 1877 ഓഗസ്റ്റ് 28ന്, നാല്പത്തിയാറു വയസ്സുമാത്രം പ്രായമുള്ളപ്പോൾ, ലോകത്തോടു യാത്ര പറഞ്ഞു. തന്റെ മക്കൾ ഒന്നുചേർക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗത്തിന്റെ കൂട്ടായ്മയിൽ, ദൈവത്തിന്റെ കൂട്ടായ്മയിൽ അവളും

എത്തിച്ചേർന്നു. അവളുടെ മക്കളായ പൗളിനും മരിയയും കൊച്ചുത്രേസ്യായും സെലിനും കർമ്മലമഠത്തിലും ലെയോണി വിസിറ്റേഷൻ മഠത്തിലും പ്രവേശിച്ച് ഈശോയുടെ മണവാട്ടികളായി.

ഏറ്റവും ഇളയവളായ കൊച്ചുത്രേസ്യാ, അപ്പന്റെ പ്രിയപ്പെട്ടവൾ, മഠത്തിൽ ചേരുവാനുള്ള ആഗ്രഹം അപ്പനെ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "എന്റെ മക്കളെ ഓരോന്നായി കാരുണ്യവാനായ ദൈവം എന്നോടു ദാനം ചോദിക്കുന്നത് എനിക്ക് എത്ര വലിയ ബഹുമതിയാണ്".

***മക്കളാഗ്രഹിച്ചാൽ അവരെ ദൈവത്തിനു സമ്മാനിക്കുന്നത് ബഹുമതിയായി കണ്ടിരുന്ന കാലമുണ്ടായിരുന്നു. എന്നാലിന്ന് മാധ്യമവിചാരണയും തിന്മയുടെ വാഴ്ചയും അരങ്ങുതകർക്കുമ്പോൾ 'മക്കളെ കൊലയ്ക്കു കൊടുക്കുന്നു' എന്ന ചിന്തയിലേക്കു പോലും മാതാപിതാക്കൾ എത്തപ്പെട്ടിരിക്കുന്നു.***

മക്കളാഗ്രഹിച്ചാൽ അവരെ ദൈവത്തിനു സമ്മാനിക്കുന്നത് ബഹുമതിയായി കണ്ടിരുന്ന കാലമുണ്ടായിരുന്നു. എന്നാലിന്ന് മാധ്യമവിചാരണയും തിന്മയുടെ വാഴ്ചയും അരങ്ങുതകർക്കുമ്പോൾ 'മക്കളെ കൊലയ്ക്കു കൊടുക്കുന്നു' എന്ന ചിന്തയിലേക്കു പോലും മാതാപിതാക്കൾ എത്തപ്പെട്ടിരിക്കുന്നു. മക്കളെ ദൈവശുശ്രൂഷയ്ക്ക് അയയ്ക്കാൻ മടിക്കുന്ന പ്രിയ മാതാപിതാക്കന്മാരേ, നിങ്ങളുടെ അനാസ്ഥയിൽ ലോകത്തിനു നഷ്ടപ്പെടുക ഒരു വിശുദ്ധ ഡോൺ ബോസ്കോയും വിശുദ്ധ ബ്രിജിത്തുമൊക്കെയാണെന്ന സത്യം മറക്കാതിരിക്കാം.

കുടുംബജീവിതമാകുന്ന ബലി ദൈവസന്നിധിയിൽ സ്വീകൃതമാകുക വിശുദ്ധരായ മാതാപിതാക്കളിലൂടെ മക്കൾ വിശുദ്ധരാകുന്നതുവഴിയാണ്. അതുകൊണ്ട് വിശുദ്ധരായ മാതാപിതാക്കളാകുക എന്ന ഉന്നതമായ ദൗത്യം നമുക്കു വിസ്മരിക്കാതിരിക്കാം.

വി. ലൂയി മാർട്ടിനെപ്പോലെ മക്കളെ ഈശോയ്ക്കു സമ്മാനിക്കുന്നത് വലിയ ബഹുമതിയായി കണ്ട് മക്കളെ ഈശോയ്ക്കായി, ഈശോയുടേതാക്കി വളർത്തുന്ന മാതാപിതാക്കളാകാം. അങ്ങനെ സമർപ്പണജീവിതമാകുന്ന വിത്ത് മക്കളുടെ ഹൃദയങ്ങളിൽ വിതച്ച് സ്വർഗ്ഗത്തിലേക്ക് വിശുദ്ധരെ വാർത്തെടുക്കുന്ന വിളിയിൽ നമുക്കും പങ്കുചേരാം.





# പ്രത്യാശ നമ്മെ നിരാശരാക്കുകയില്ല

**സ്റ്റെഫി മംഗലത്തുകുന്നേൽ**

ഉൾക്കാട്ടിൽനിന്നുള്ള മാധുര്യമേറിയ സംഗീതത്തിന്റെ ഉറവിടം അന്വേഷിച്ചെത്തിയവർ കണ്ടെത്തിയത് രൂപംപോലും നഷ്ടപ്പെട്ടുപോയ ഒരു കുഷ്ഠരോഗിയെ! ഈ അവസ്ഥയിലും എങ്ങനെ സന്തോഷത്തോടെ ഗാനമാലപിക്കാൻ കഴിയുന്നു എന്ന് ചോദ്യത്തിന് അയാൾ മറുപടി പറഞ്ഞു: "തകർന്നുകൊണ്ടിരിക്കുന്ന ഒരു ഭിത്തിയാണ് ഈ ശരീരം. ഇപ്പോൾ ഇതാണ് എന്നെ ദൈവത്തിൽനിന്ന് അകറ്റിനിർത്തുന്നതെന്നു പറയാം. ഈ ഭിത്തി വീഴുമ്പോൾ എനിക്കു ദൈവത്തോടു ചേരാം. സമയം അടുത്തുകൊണ്ടിരിക്കുന്നു... അതിനാൽ ശബ്ദമുയർത്തി പാട്ടു പാടി ഞാനെന്റെ സന്തോഷം പ്രകടിപ്പിക്കുകയാണ്. ഞാൻ ദൈവത്തിന്റെ കൈയിലാണെങ്കിൽ രോഗവും ദുഃഖവും എന്നെ അസ്വസ്ഥനാക്കുന്നതെന്തിന്?"

ലോകമാകെ അനിശ്ചിതത്വത്തിന്റെ മുൾമുനയിൽ നില്ക്കുകയാണ്. ആത്മീയമായും ഭൗതികമായും പ്രതീക്ഷ നഷ്ടപ്പെട്ട ഒരു കൂട്ടരും അതു മുതലെടുക്കുന്ന മറ്റൊരു കൂട്ടരും ലോകത്തിലുള്ളപ്പോൾ പ്രത്യാശ കൈവെടിയാതെ ദൈവപരിപാലനയ്ക്കു തങ്ങളെ വിട്ടുകൊടുക്കുന്ന മൂന്നാമതൊരു കൂട്ടരും നമ്മുടെ ഇടയിലുണ്ട്.

നാളെയെക്കുറിച്ച് ഒന്നും പറയാൻ സാധിക്കാതെ ഇന്ന് കടന്നുപോകുന്നു. രോഗമാണോ യുദ്ധമാണോ നമ്മെ കീഴടക്കുക? സമാധാനം തിരിച്ചുവരുമോ?... ഒന്നറിയാം ലോകം നശ്വരമാണ്. മനുഷ്യൻ നിസ്സാരനും. പ്രതീക്ഷയോടെ ദൈവത്തിലേക്കു കണ്ണുകളുയർത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്റെ സമ്പാദ്യം സ്വർഗ്ഗത്തിലാണെങ്കിൽ, ഈ രാത്രി എന്റെ ആത്മാവിനെ എന്നിൽനിന്ന് ആവശ്യപ്പെട്ടാൽ ഞാൻ നിരാശനാകേണ്ടതില്ല. പ്രതീക്ഷ നമ്മെ ദൈവസാന്നിദ്ധ്യത്തിലേക്കു നയിക്കും എന്നു സുവിശേഷം തെളിയിക്കുന്നു. "പ്രതീക്ഷയോടെയിരുന്ന ജനമെല്ലാം ഇവൻതന്നെയോ മിശിഹാ എന്നു ചിന്തിച്ചുതുടങ്ങി" (ലൂക്കാ 3,15). എന്നാൽ ദൈവപരിപാലനയിലുള്ള പ്രതീക്ഷ നഷ്ടപ്പെടുത്തിയവർക്കാകട്ടെ താൻ ദൈവപുത്രനാണെന്ന് രക്ഷകനായ മിശിഹാ പറഞ്ഞപ്പോൾ അത് ദൈവദൂഷണമെന്നത്രേ തോന്നിയത് (മത്താ 26,65). ഇതുവരെ നമുക്കുള്ളതെല്ലാം നല്കിയ ദൈവം ഇനി വേണ്ടതും തരുമെന്ന പ്രത്യാശ നമ്മെ നിരാശരാക്കുകയില്ല. ഉറച്ചു വിശ്വസിക്കാം ഞാൻ ദൈവത്തിന്റേതാണെന്ന്. ദൈവാലയത്തിൽ പോകാനോ പ്രാർത്ഥിക്കാനോ സാധിക്കാത്തതുകൊണ്ട് ഒന്നും ശരിയായി നടക്കുകയില്ല എന്നു നിരാശപ്പെടേണ്ട. ആത്മാർത്ഥമായ എന്റെ ആഗ്രഹംപോലും ദൈവസന്നിധിയിൽ അമൂല്യമായ ബലിതന്നെ. സമൂഹമാധ്യമങ്ങളിലും മറ്റ് ഓൺലൈൻ വിനോദങ്ങളിലും സമയം കളയാൻ പ്രേരിപ്പിച്ച് ജീവിതം തകർക്കാൻ ശ്രമിക്കുന്ന പിശാചിന് നമ്മെ വിട്ടുകൊടുക്കാതിരിക്കാൻ നമ്മുടെ വിശ്വാസം കരുത്താകട്ടെ.

എല്ലാ ദിവസവും ദൈവാലയത്തിൽ പോവുകയും കൂദാശകൾ മുടക്കംകൂടാതെ സ്വീകരിക്കുകയും ചെയ്തിരുന്നവരെ നോക്കി പരിഹസിക്കുന്ന മറ്റൊരു കൂട്ടരുണ്ട്. ഇതൊന്നും ഇല്ലാതെയും ജീവിക്കാമല്ലോ എന്നു പറയുന്നവരോട് ഒരു വാക്ക്... ഒരു ദൈവാലയവും അടയ്ക്കപ്പെട്ടിരുന്നില്ല; ബലിയർപ്പണം നിലച്ചിരുന്നില്ല; വിശ്വാസവും വിശ്വാസിയും നശിച്ചിട്ടില്ല. തന്റെ അജഗണങ്ങളെ ഹൃദയത്തിൽ ചേർത്തുവച്ച് പരിശുദ്ധമായ അൾത്താരയിൽ ഓരോ ദിവസവും പ്രഭാതത്തിൽ പുരോഹിതൻ അർപ്പിക്കുന്ന ദിവ്യബലിയും, തനിക്കുവേണ്ടി ബലിയർപ്പണം നടക്കുന്നുണ്ടെന്ന പ്രത്യാശയിൽ വിശ്വാസം ആഘോഷിക്കാനുള്ള ആഗ്രഹത്തെ ദൈവതിരുമുമ്പിൽ സമർപ്പിച്ച് ഇതേസമയം പ്രാർത്ഥനാപൂർവ്വം നില്ക്കുന്ന വിശ്വാസിയുടെ ത്യാഗവും ലോകത്തിനു പ്രത്യാശയുടെ കിരണങ്ങൾതന്നെ.



നമുക്കു ലഭിച്ച ശ്രേഷ്ഠമായ വിശ്വാസപാരമ്പര്യത്തോട് നന്ദിയുള്ളവരായിരിക്കാം. അതു പകർന്നുതന്ന പൂർവ്വികരോടുള്ള നമ്മുടെ സമീപനം കുഞ്ഞുങ്ങൾക്കു മാതൃകയാവട്ടെ. ഒട്ടും ചോർന്നുപോകാതെ ആ വിശ്വാസം വരുംതലമുറയ്ക്കു പകർന്നുകൊടുത്ത് ജീവിതത്തിന്റെ പ്രതിസന്ധികളെ നേരിടാൻ അവരെ പ്രാപ്തരാക്കാം. കതിരിലും പതിരിലും വളം വയ്ക്കുന്നവരാകാതെ വിശ്വാസത്തിന്റെ ബാലപാഠങ്ങൾ ഇപ്പോഴേ അവർക്കു പകർന്നുകൊടുക്കാം. നവമാധ്യമങ്ങളും ആധുനികസാങ്കേതികവിദ്യയും നമ്മുടെ വിശ്വാസത്തെ വളർത്തുന്ന വേദിയാകട്ടെ. വി. ടാർസീസിയൂസിനെയും വി. മരിയ ഗൊരേത്തിയെയും വി. ഡൊമിനിക് സാവിയോയെയുംപോലെ വിശുദ്ധരായ കുഞ്ഞുങ്ങളെ സഭയ്ക്കും ലോകത്തിനും പ്രദാനം ചെയ്യുന്നതാകട്ടെ ഈ കൊറോണക്കാലം.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ കൈത്താക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ക്രിസ്തീയജീവിതം സഭാത്മകമാണെന്ന് ഉറപ്പുവരുത്തുവാൻ നമ്മെ ക്ഷണിക്കുന്ന ഒരു കാലഘട്ടമാണിത്. ഈശോമിശിഹായിലുള്ള ജീവിതം, അഥവാ അരൂപിയിലുള്ള ജീവിതം, അവശ്യം സഭാത്മകമാണ്. കാരണം, അരൂപി ഈശോയുടെ അരൂപിയാണ്. ഉത്ഥാനത്തിലൂടെ അരൂപിയായി മാറിയ ഈശോ (1 കൊറി 15,45) ഇന്നു ജീവിക്കുന്നത് സഭയിലാണ്. അതുകൊണ്ടാണല്ലോ പൗലോസ്ശ്ലീഹാ സഭയെ 'മിശിഹായുടെ ശരീരം' എന്നു വിശേഷിപ്പിക്കുന്നത് (1 കൊറി 12). അതുകൊണ്ട് ഈശോമിശിഹായിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരെന്ന നിലയിൽ നാം സഭയെ സ്നേഹിക്കുവാനും സഭയുടെ കൂദാശകളിലും പ്രാർത്ഥനകളിലും ജീവിതത്തിലും പങ്കുചേർന്ന് ജീവിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നു. ഈ വസ്തുതയെക്കുറിച്ച് നമ്മുടെ അജഗണങ്ങളെ ബോധവൽക്കരിക്കുവാനും, അപ്രകാരം ജീവിക്കുവാനുള്ള ശുശ്രൂഷ അവർക്കു നല്കുവാനും നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന് നല്കപ്പെട്ടിരുന്നതും, ചില പ്രതികൂല സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ നഷ്ടപ്പെട്ടുപോയിരുന്നതുമായ, റോമൻ രൂപതയിലെ 'സാൻ ലിബോറിയോ' ഇടവക, വീണ്ടും ഇൻസ്റ്റിറ്റ്യൂട്ടിനു നല്കിക്കൊണ്ട്, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ വികാരി ജനറാൾ ആഞ്ചെലോ ദൊണാത്തിസ് കല്പനയിറക്കിയിരിക്കുന്നു. പ്രസ്തുത ഇടവകയുടെ വികാരിയും അസിസ്റ്റന്റ് വികാരിയുമായി ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളുമായ ബഹു. ജോസഫ് ആലഞ്ചേരിയച്ചനെയും, ബഹു. മാത്യു മുരിയങ്കരിയച്ചനെയും നിയമിച്ചിട്ടുണ്ട്. 2020 സെപ്റ്റംബർ 1-ാം തീയതി പുതിയ വികാരിയച്ചനും അസിസ്റ്റന്റ് അച്ചനും പ്രസ്തുത ഇടവകയിൽ ചെന്ന് ചാർജെടുത്ത് അവരുടെ ശുശ്രൂഷ ആരംഭിക്കും.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 'സെനക്കിൾ ആദ്ധ്യാത്മികത'യെക്കുറിച്ചുള്ള വിചിന്തനങ്ങൾ മാസംതോറും ഓൺലൈൻ ക്ലാസ്സുകളായി ബഹു. മാത്യു വെള്ളാനിക്കലച്ചൻ നല്കിക്കൊണ്ടിരിക്കുന്നു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# ‘വചനം’ മാംസം ധരിക്കുമ്പോൾ

ജിസ കുട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**മു**ല്ലയും ചെമ്പരത്തിയും ചങ്ങാതിമാരായിരുന്നു. പൂത്തുലഞ്ഞുനിന്ന മുല്ല ഒരു ദിവസം അല്പം അഹങ്കാരത്തോടെ ചെമ്പരത്തിയോടു പറഞ്ഞു: “ആ നില്ക്കുന്ന ചൊറിതണത്തെ കണ്ടില്ലേ? ആർക്കും ഉപകാരമില്ലാത്തവൻ. ഇങ്ങനേയുമുണ്ടോ ഒരു ജന്മം!”. ചെമ്പരത്തി ഒന്നും മിണ്ടിയില്ല. അപ്പോഴാണ് എവിടെനിന്നോ വന്ന ഒരു കുസൃതിപ്പയ്യൻ മുല്ലപ്പൂക്കൾ പറിച്ചെടുക്കാനായി ഓടിയെത്തിയത്. പക്ഷേ അവിടെനിന്ന ചൊറിതണം കാലിൽ തൊട്ടതിന്റെ അസ്വസ്ഥതയിൽ വന്നതുപോലെ അവൻ തിരിച്ചോടി. ഇതു കണ്ട ചെമ്പരത്തി പറഞ്ഞു: “കണ്ടോ, ആ ചൊറിതണമില്ലായിരുന്നെങ്കിൽ ആ കുസൃതിപ്പയ്യൻ നിന്റെ പൂക്കൾ മുഴുവൻ നശിപ്പിച്ചേനേ”. മുല്ലച്ചെടി നന്ദിയോടെ ചൊറിതണത്തെ നോക്കി.

ഒരു മനുഷ്യന്റെ വ്യക്തിത്വത്തിന്റെ ഏറ്റവും വലിയ പ്രകടനമാണ് അവന്റെ സംസാരം. സംസാരം ഒരുവന്റെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നു. സംസാരം പല രീതിയിലുണ്ട്. ‘വെട്ടൊന്ന് മുറി രണ്ട്’ എന്ന രീതിയിൽ സംസാരിക്കുന്നവരും, നർമ്മത്തിൽ പൊതിഞ്ഞു സംസാരിക്കുന്നവരും, മൗനദീക്ഷയണിഞ്ഞ് മിതമായി സംസാരിക്കുന്നവരും, നിരന്തരം കുറ്റപ്പെടുത്തി മാത്രം സംസാരിക്കുന്നവരും, എളിമയുടെ മേൽക്കുപ്പായമണിഞ്ഞ സംസാരത്തിലൂടെ കാര്യം കാണുന്നവരും എപ്പോഴും തന്നെപ്പറ്റിമാത്രം സംസാരിക്കുന്നവരും...



സംസാരത്തിന് ഒരുവനെ മരണത്തിലേയ്ക്ക് എത്തിക്കാനും, മരണത്തിൽനിന്നു രക്ഷിക്കാനും സാധിക്കും. സംസാരത്താൽ തകർന്നടിഞ്ഞ എത്രയോ ജീവിതങ്ങളുണ്ട്? “മനുഷ്യർ പറയുന്ന ഓരോ വ്യർത്ഥവാക്കിനും വിധിദിവസത്തിൽ കണക്കുകൊടുക്കേണ്ടി വരും (മത്താ 12,36). ദിവ്യഗുരു നല്കുന്ന താക്കീത് മറക്കാതിരിക്കാം.

“സംസാരത്തിൽ തെറ്റു വരുത്താത്തവൻ പൂർണനാണ്. തന്റെ ശരീരത്തെ മുഴുവൻ നിയ

ന്ത്രിക്കാൻ അവനു സാധിക്കും" (യാക്കോ 3,2). യാക്കോബ്ശ്ലീഹായുടെ വചനങ്ങൾ എത്രയോ ചിന്തോദ്ദീപകമാണ്. 'നാവ് തീയാണെന്നും അത് ദുഷ്ടതയുടെ ഒരു ലോകംതന്നെയാണെ'ന്നും (3,6) അദ്ദേഹം പറഞ്ഞുവയ്ക്കുമ്പോൾ നമ്മുടെ നാവിനെ നിയന്ത്രിക്കേണ്ടതിന്റെയും അവബോധത്തോടെ സംസാരിക്കേണ്ടതിന്റെയും ആവശ്യകത ചൂണ്ടിക്കാണിക്കുകയാണ്.

ഇന്നു സംസാരത്താൽ അലങ്കോലപ്പെട്ട ഒരു കാലത്താണ് നാം ജീവിക്കുക. റേഡിയോ ജോക്കിയെപ്പോലെ വാതോരാതെ സംസാരിക്കുന്നവരും ആകർഷകമായി സംസാരിക്കുന്നവരും എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുകയും വിജയം നേടുകയും ചെയ്യുന്ന സ്ഥിതിവിശേഷം! സംസാരത്തിൽ പ്രാവീണ്യം കുറഞ്ഞവർ പലപ്പോഴും പിറകിലേക്ക് തഴയപ്പെടുന്ന അവസ്ഥ! വ്യർത്ഥതയ്ക്ക് അടിമപ്പെട്ട ഈ ലോകത്തിൽ ജീവിക്കുമ്പോൾ തിരിച്ചു ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. എത്രയോ വ്യർത്ഥവാക്കുകളാണ് നാം പറഞ്ഞുകൂട്ടുക, ആവശ്യമില്ലാത്ത എത്രയോ കാര്യങ്ങൾ, എത്രമാത്രം കിംവദന്തികൾ... വ്യർത്ഥവാക്കുകൾക്കു വില കൊടുക്കേണ്ടിവരും എന്ന നാഥന്റെ വാക്കുകൾ നമ്മെ ഭയപ്പെടുത്തണം.

'വചനം' മാംസം ധരിച്ചതാണ് ഈശോ. നാം പറയുന്ന ഓരോ വചനവും നമ്മുടെ ജീവിതത്തിൽ മാംസം ധരിക്കണം. അപ്പോൾ നമ്മുടെ വാക്കുകൾ അത്ഭുതം സൃഷ്ടിക്കും, മുറിവുകൾ സുഖപ്പെടുത്തും, ജീവൻ നല്കുന്നതാകും, സന്തോഷം ജനിപ്പിക്കുന്നതാകും.

"ഹൃദ്യമായ വാക്ക് തേനറപോലെയാണ്.
അത് ആത്മാവിനു മധുരവും ശരീരത്തിന് ആരോഗ്യപ്രദവുമാണ്" (സുഭാ 16,24).



**നിർവ്യാജമായ സംസാരം**

"ഏതു കാറ്റത്തും പാറ്റുകയോ എല്ലാ മാർഗ്ഗത്തിലും ചരിക്കുകയോ അരുത്; കപടഭാഷണം നടത്തുന്ന പാപി ചെയ്യുന്നത് അതാണ്. നീ അറിവിൽ സ്ഥൈര്യം പാലിക്കുക; നിന്റെ വാക്കുകളിൽ പൊരുത്തക്കേടുണ്ടാകരുത്; കേൾക്കുന്നതിൽ ജാഗരൂകതയും മറുപടി പറയുന്നതിൽ അവധാനവും കാട്ടുക. അറിയാമെങ്കിലേ പറയാവൂ; ഇല്ലെങ്കിൽ വായ് തുറക്കരുത്. മാനവും അവമാനവും വാക്കിലൂടെ വരുന്നു; വീഴ്ചയ്ക്കു വഴി തെളിക്കുന്നതും നാവുതന്നെ. ഏഷണിക്കാരനെന്നു പേരു കേൾപ്പിക്കരുത്; നാവുകൊണ്ടു കെണി വയ്ക്കുകയുമരുത്; കള്ളന് അവമതിയും കപടഭാഷിക്ക് രൂക്ഷമായ ശകാരവും ലഭിക്കും. കാര്യം വലുതായാലും ചെറുതായാലും അനുചിതമായി പ്രവർത്തിക്കരുത്; സ്നേഹിതനാകുന്നതിനു പകരം ശത്രുവായിത്തീരരുത്" (പ്രഭാ 5,9-15).

# സ്നേഹജ്ജ്വാല

ലീലമ്മ പൂതക്കുഴിയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഉന്നതത്തിൻ ശക്തിയേ പരിശുദ്ധാത്മാവേ
പറന്നിറങ്ങൂ ഞങ്ങളിൽ ശാന്തിദായകനേ
സത്യാത്മാവേ വരേണമേ വരമഴയായി
സത്യത്തിൻ പൂർണ്ണതയിൽ നയിക്കുവാൻ വരണേ

പാവനനാകും റൂഹായേ നീ ശുദ്ധൻ പരിശുദ്ധൻ
നിൻ ദാനം ചൊരിഞ്ഞു നീ ശക്തരാക്കണമേ
കൃപയാൽ പൂരിതരാക്കി ഞങ്ങളെ നവീകരിക്കണമേ
നിൻ സ്നേഹത്തിൻ ജ്വാലയാൽ ശുദ്ധി പകരണമേ

പാപത്തിൻ വഴിതന്നിൽനിന്നും കാത്തിടേണമേ
ലോകമോഹച്ചുഴിയിൽ താഴാതെന്നെ താങ്ങണമേ
ക്ഷണികസുഖങ്ങളിലാത്മമൊരിക്കലും വീഴാതെ
ആത്മീയദാനങ്ങൾ നല്കണമെന്നാളും

# ക്ലിയർ ചാറ്റ്



**സാബി കോഴിക്കോട്**

പ്രഭാതത്തിൽ അല്പം നാട്ടുവിശേഷമാവാം എന്നു കരുതി പത്രത്തിന്റെ താളുകൾ മറിക്കവേ എന്റെ മകൾ പാഞ്ഞുവന്ന് അടുത്തുള്ള കസേരയിൽ കയറി ചമ്രം പടഞ്ഞിരുന്നു. മൊബൈൽ ഫോണിൽ ഊക്കോടെ കുത്തിക്കളിക്കുന്ന അവളുടെ മട്ടും ഭാവവും കണ്ടപ്പോൾ എന്തോ പന്തികേടുള്ളതായി എനിക്കു തോന്നി. സാധാരണ മൊബൈൽ അവൾക്ക് ഒരു ഹരമായിരുന്നു. എന്നാലിപ്പോൾ മുഖത്ത് വാശിയും ദേഷ്യവും വെറുപ്പും മിന്നിമറയുന്നു. ഒന്നിടപെട്ടേക്കാം എന്നു കരുതി. അല്പംകൂടി അടുത്തിരുന്ന് വിവരം തിരക്കി. ഇടിവെട്ടുന്നതുപോലെ അവളുടെ മറുപടി വന്നു: “എന്നോടാ കളി, എന്റെ ചങ്കു കൊടുത്തു സ്നേഹിച്ചതാ... എന്നിട്ടിപ്പോൾ പുതിയ കൂട്ടുകാരെ കിട്ടിയപ്പോൾ ഒരു മെസ്സേജും അയയ്ക്കേണ്ട... ക്ലിയർ ചാറ്റു ചെയ്തു ഞാൻ”.

'ക്ലിയർ ചാറ്റ്'... ഇതു നമ്മുടെ അനുദിനജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ചില കോൺടാക്റ്റുകളും ഗ്രൂപ്പുകളും കാണുമ്പോൾത്തന്നെ മനസ്സിൽ കുറിക്കപ്പെടുന്നു, ക്ലിയർ ചാറ്റ്. പക്ഷേ ഇവിടെയൊക്കെ നമുക്ക് നഷ്ടപ്പെടുന്നതോ ജീവിതത്തിനു നിറം പകരേണ്ട ചില നല്ല ആശയങ്ങളും ബോധ്യങ്ങളും അറിവുകളും ബന്ധങ്ങളുമത്രേ.

'ക്ലിയർ ചാറ്റ്'... ഇതിനു വ്യത്യസ്ത തലങ്ങളുണ്ട്. ചില സാഹചര്യങ്ങളിൽ അത് അത്യന്താപേക്ഷിതമാണു താനും. എത്രയെത്ര ജന്മങ്ങളാണ് ജീവിതത്തിൽനിന്നും ഉപേക്ഷിച്ചുകളയേണ്ട പലരെയും, പലതിനെയും ഇറക്കിവിടാൻ ധൈര്യമില്ലാതെ വെന്തുനീറുന്നത്? ദൈവത്തിലേക്കും കുടുംബത്തിലേക്കും സഹജീവികളിലേക്കും പടരേണ്ട ജീവിതങ്ങൾക്ക് കൂച്ചുവിലങ്ങാകുന്ന എന്തിനോടും നമുക്കു 'ക്ലിയർ ചാറ്റ്' പറയാം.

ചില 'ക്ലിയർ ചാറ്റു'കളാകട്ടെ ഈ ഊഷ്മളമായ ബന്ധങ്ങളിലേയ്ക്കൊക്കെ നമ്മെ തിരികെ കൊണ്ടുവരികയും ചെയ്യും. ഈശോയുടെ 'ക്ലിയർ ചാറ്റു'കളൊക്കെ ഇത്തരത്തിലുള്ളതായിരുന്നു. മനുഷ്യരുടെ പാപത്തിന്റെ എണ്ണമോ തീവ്രതയോ നോക്കാതെ 'ക്ലിയർ ചാറ്റ്' ചെയ്തവൻ, പിന്നീടൊരിക്കലും അതൊന്നോർമ്മിക്കുവാൻപോലും ശ്രമിക്കാത്തവൻ. അവനല്ലേ ക്ഷമയുടെ കണക്ക് നമ്മെയും പഠിപ്പിച്ചത് 'ഏഴ് ഏഴ് എഴുപത്' എന്ന്... നൂറിൽ ഒന്നുപോയാൽ മറ്റുള്ളതിനെ വിട്ട് ആ ഒന്നിനെ തേടണമെന്ന്... ഘോരപാപങ്ങളെങ്കിലും ഒരു കാറ്റിൽ പറന്നുപോകുന്ന മണലിൽ എഴുതണമെന്ന്...?

മുൻവിധിയോടെ വെട്ടിമുറിക്കുന്നതിനുപകരം മനസ്സിരുത്തി, ലഭ്യമായവയെയും ലഭ്യമാകുന്നവരെയും ഒന്നു വായിക്കാൻ ശ്രമിക്കാം. മഹത്‌വ്യക്തികളൊക്കെ അങ്ങനെയായത് ഒരു കടലപ്പൊതിത്തുണ്ടുപോലും നിവർത്തി വായിക്കാൻ ധൈര്യമുണ്ടായിരുന്നതുകൊണ്ടാണ്. നാം അയയ്ക്കുന്ന മെസ്സേജുകൾ വായിക്കപ്പെടാതെ പോകുന്നു എന്ന വസ്തുത നമ്മിൽ നീറ്റലുളവാക്കാറില്ലേ? എങ്കിൽ 'ക്ലിയർ ചാറ്റി'നു മുമ്പ് ഒരു നിമിഷം... ഇതാവശ്യമോ അല്ലയോ?



"ജീവിതത്തിൽ സംഭവിക്കുന്നവയെല്ലാം മനസ്സിലാക്കുവാൻ എനിക്കു സാധിക്കുകയില്ലെങ്കിലും അവയുടെയെല്ലാം മുമ്പിൽ ഞാൻ പുഞ്ചിരിക്കുകയും അവയ്ക്കു നന്ദി പറയുകയും ചെയ്യും; എന്റെ ദൈവത്തെ ഞാൻ ഒരിക്കലും സംശയിക്കുകയില്ല"

വി. കൊച്ചുത്രേസ്യാ



# കാഴ്ച വികലമാക്കുന്ന കൂന്

ഷിനി തെരേസ് മുതുപ്ലാക്കൽ

**കോ**വിഡ് ബാധിച്ചു മരണമടഞ്ഞവരുടെ മൃതദേഹങ്ങൾ അടക്കം ചെയ്യുന്നതോടനുബന്ധിച്ച് ഭയവും അജ്ഞതയുംമൂലമുണ്ടാകുന്ന ചില പ്രശ്നങ്ങൾ മാധ്യമങ്ങളിലൂടെ നാം അറിയുന്നുണ്ട്. അടക്കം ചെയ്യാനുള്ള മൃതദേഹവുമായി എത്തിയവരെ ആക്രമിച്ച സംഭവങ്ങളൊക്കെ ശ്രദ്ധയിൽപെട്ടപ്പോൾ അതെല്ലാം മറ്റു സംസ്ഥാനങ്ങളിലാണല്ലോ സംഭവിക്കുന്നത് എന്നായിരുന്നു ചിന്ത. എന്നാൽ, സാംസ്കാരികകേരളത്തിലെ അക്ഷരനഗരിയിൽ നടന്ന സമാനമായ വാർത്ത 2020 ജൂലൈ 27 ലെ മാധ്യമങ്ങളിലുണ്ടായിരുന്നു.

എന്തുകൊണ്ടായിരിക്കും ഇതു സംഭവിക്കുന്നത്? സാധാരണജനങ്ങളുടെ ഭയവും അജ്ഞതയും മാത്രമല്ല, ദുഷ്ടലാക്കോടെ അതിനെ മുതലെടുക്കാൻ ശ്രമിക്കുന്നവരുടെ വികലമായ കാഴ്ചപ്പാടുമല്ലേ ഇതിനെല്ലാം പിന്നിലുള്ളത്? മരണമടഞ്ഞ വ്യക്തിയുടെ കുടുംബാംഗങ്ങളും ബന്ധുക്കളും അനുഭവിക്കുന്ന വേദന എത്രമാത്രമാണെന്ന് എന്തേ പ്രതിഷേധമുയർത്തുന്നവർ ഓർക്കാത്തത്? ഇന്ന് 'മറ്റാർക്കോ' സംഭവിച്ചവ നാളെ എനിക്കും സംഭവിക്കാം എന്ന ചിന്തയെന്തേ ഉണരാത്തത്?

കൂനിയായ സ്ത്രീയുടെ ഓർമ്മ കടന്നുവരുന്നു... "ഒരു സാബത്തിൽ അവൻ ഒരു സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. പതിനെട്ടു വർഷമായി ഒരു ആത്മാവു ബാധിച്ച് രോഗിണിയായി നിവർന്നുനില്ക്കാൻ സാധിക്കാത്തവിധം കൂനിപ്പോയ ഒരുവൾ അവിടെയുണ്ടായിരുന്നു. ഈശോ അവളെ കണ്ടപ്പോൾ അടുത്തുവിളിച്ചു പറഞ്ഞു: സ്ത്രീയേ, നിന്റെ രോഗത്തിൽനിന്നു നീ മോചിക്കപ്പെട്ടിരിക്കുന്നു. അവൻ അവളുടെമേൽ കൈകൾ വച്ചു. തത്ക്ഷണം അവൾ നിവർന്നു നില്ക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു" (ലൂക്കാ 13,10-13). കൂനിയായ സ്ത്രീ തന്റെ അവസ്ഥയിൽനിന്നും മോചിതയാകണമെന്ന് ആഗ്രഹിച്ചതായോ ആവശ്യപ്പെട്ടതായോ

ഇവിടെ രേഖപ്പെടുത്തിയിട്ടില്ല. സാബത്തിന്റെ യഥാർത്ഥ ചൈതന്യം സിനഗോഗിലുണ്ടായിരുന്നവരെയെല്ലാം പഠിപ്പിക്കാൻ ഈ അവസരം ഈശോ ഉപയോഗിച്ചു. ആ സ്ത്രീയെ സംബന്ധിച്ചിടത്തോളം, പതിനെട്ടു വർഷമായി അവളെ അലട്ടിയിരുന്ന അവസ്ഥയിൽനിന്നും മോചിക്കപ്പെട്ട് നിവർന്നുനിന്ന് ദൈവത്തെ സ്തുതിക്കാൻ സാധിച്ചു എന്നതാണ് പ്രധാനം.

കൂന് കാഴ്ചയെ വികലമാക്കുന്നു. കുനിഞ്ഞു നില്ക്കുന്ന വ്യക്തിയുടെ കണ്ണുകൾ എപ്പോഴും സ്വന്തം പാദങ്ങളും പരിസരങ്ങളുമാണ് കാണുന്നത്. വിശാലമായ ലോകത്തിലേക്കും അന്യരിലേക്കും നോക്കാനാവാതെ സ്വന്തം കാൽച്ചുവട്ടിലും ചുറ്റുവട്ടങ്ങളിലുംമാത്രം ദൃഷ്ടികളൂന്നേണ്ടിവരുന്ന അവസ്ഥ! ഒരു ആത്മാവ് ബാധിച്ചാണ് അവൾ രോഗിണിയായതെന്ന് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട്. സ്വന്തം ഭാവിയും നന്മയും നേട്ടവുംമാത്രം ലക്ഷ്യമാക്കുന്നവന് ബാധിക്കുന്ന 'ദുഷ്ടാത്മാവ്' അവന്റെ കാഴ്ചയെയും കാഴ്ചപ്പാടുകളെയും വികലമാക്കുകതന്നെ ചെയ്യും. കുടുംബത്തിലും സമൂഹത്തിലുമുള്ളവരുമായി ആത്മാർത്ഥമായ ബന്ധവും സ്നേഹവും കെട്ടിയുയർത്താൻ അങ്ങനെയുള്ളവർക്കു സാധിക്കുകയില്ല. സമൂഹത്തിൽ സ്വന്തം നിലയും വിലയുമുറപ്പിക്കാൻ ശ്രമിക്കുന്നവർ ലഭ്യമായ സാധ്യതകളെല്ലാം തന്റെ ആവശ്യങ്ങൾക്കും നേട്ടങ്ങൾക്കുമായി വഴിതിരിച്ചുവിടാൻ ശ്രമിക്കും.

സാമൂഹികബന്ധങ്ങളിൽമാത്രമല്ല, ആത്മീയരംഗത്തും ഇത്തരം കൂനുകൾ സൃഷ്ടിക്കുന്ന വികലമായ ചിന്താധാരകളിൽ കുടുങ്ങിക്കിടക്കുന്നവരുണ്ട്. ദൈവാലയങ്ങളിൽ പോകാനാവാത്ത അവസ്ഥയിൽ വേദനിക്കുന്നവർ ഉള്ളപ്പോഴും, ഇപ്പോഴത്തെ സാമൂഹികസാഹചര്യത്തെ വീണുകിട്ടിയ അവസരമായി മുതലെടുത്ത്, ഇനിയും 'ഓൺലൈൻ' ആത്മീയതമാത്രം മതി എന്ന നിലയിൽ എത്തിച്ചേർന്നവരുമുണ്ട് എന്നത് നിഷേധിക്കാനാവില്ല. 'പള്ളിയും പട്ടക്കാരനു'മൊക്കെ ഇങ്ങനെയുള്ളവർക്ക് അനാവശ്യ ആഢംബരങ്ങളാണത്രേ! ഇടവകപ്പള്ളിയുടെ ബലിയർപ്പണമേശയ്ക്കു ചുറ്റും ഒന്നിച്ചുകൂടിയുള്ള കൂട്ടായ്മയും പങ്കുവയ്ക്കലും പ്രാർത്ഥനയും നഷ്ടമാകുമ്പോൾ, യഥാർത്ഥ ആത്മീയതയും അതോടൊപ്പം ധാർമ്മികതയും കുടുംബബന്ധങ്ങളും ക്രമേണ കുറഞ്ഞുവരികയാണെന്നത് മറ്റു ചില രാജ്യങ്ങളിലെ അവസ്ഥ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ടല്ലോ. "പരിശുദ്ധ കുർബാന സഭയെ പടുത്തുയർത്തുന്നു" എന്ന വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ വാക്കുകൾ നമുക്ക് ഓർമ്മിക്കാം.



ആത്മീയ-സാമൂഹിക രംഗങ്ങളിൽ നമ്മെ ബാധിക്കാവുന്ന ഇത്തരം കൂനുകളിൽനിന്നെല്ലാം മുക്തി നേടി ഉയർന്ന മുഖത്തോടും വിശാലമായ ദൃഷ്ടിയോടും മനസ്സോടും കൂടെ വ്യാപരിക്കുവാൻ നമുക്കു ശ്രമിക്കാം. കൂനിൽനിന്നും സുഖപ്പെട്ട സ്ത്രീയെപ്പോലെ നിവർന്നുനിന്ന് ദൈവത്തെ സ്തുതിക്കാൻ തക്കവിധമുള്ള വിശുദ്ധമായ ജീവിതം നയിക്കുവാൻ അവിടുന്നു നമ്മെ സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ബെറ്റി കച്ചിറ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ജപമണികളിലൂടെ അനുദിനം മിശിഹാരഹസ്യങ്ങൾ ധ്യാനിക്കുവാൻ ഞങ്ങളെ സഹായിക്കുന്ന പരിശുദ്ധ മറിയമേ, ഈശോയിൽ വളർന്ന് വിശുദ്ധരായി തീരുവാനുള്ള അനുഗ്രഹം ഈ ജപമാലവഴിയായി നിന്റെ തിരുക്കുമാരനിൽനിന്നും വാങ്ങിത്തരണമേ.

**ഒന്നാം ദിവ്യരഹസ്യം: മറിയം നന്മനിറഞ്ഞവൾ**

നന്മനിറഞ്ഞവൾ എന്ന അഭിവാദനം കേട്ട പരിശുദ്ധ മറിയമേ, പരിശുദ്ധാത്മാവിന്റെ ഫലമായ നന്മയിൽ ഞങ്ങൾ നിറയുവാനും ആ നന്മ മറ്റുള്ളവർക്കു പകരുവാനുമുള്ള കൃപ എന്നും ഞങ്ങൾക്കു നല്കുവാൻ പുത്രനോടു പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം: സഹനത്തിന്റെ പുത്രി**

പുൽക്കൂടുമുതൽ കാൽവരിക്കുന്നിൻ നെറുകവരെയും സഹനയാത്രയിൽ നിശബ്ദയായി നടന്നുനീങ്ങിയ അമ്മേ, ജീവിതത്തിലെ സഹനവഴികളിൽ പരാതികളില്ലാതെ, പരിശുദ്ധാത്മശക്തി ഞങ്ങളിലുണ്ടെന്ന ബോധ്യം കൂടുതൽ വളർത്തി മുന്നേറുവാൻ ഞങ്ങൾക്കായി നീ പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം: പ്രാർത്ഥനയുടെ മാതൃക**

തിരുക്കുടുംബത്തിലും ഊട്ടുശാലയിലും പ്രാർത്ഥനാചൈതന്യം നിറച്ച അമ്മേ, കണ്ണീരിന്റെ ഈ താഴ്വരയിൽ കാലിടറുമ്പോൾ പ്രത്യാശയോടെ പ്രാർത്ഥിക്കുവാനും ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനുമുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം: ശുശ്രൂഷയുടെ അമ്മ**

ഇളയമ്മയെ ശുശ്രൂഷിക്കുവാൻ, തിരുക്കുടുംബത്തിൽ സേവനനിരതയാകുവാൻ ഔത്സുക്യം കാണിച്ച പരിശുദ്ധ അമ്മേ, ഞങ്ങളെക്കൊണ്ട് ആവശ്യമുള്ളവർക്കെല്ലാം സ്നേഹപൂർവ്വകമായ ശുശ്രൂഷ നല്കുവാനുള്ള കൃപ ഞങ്ങൾക്കായി വാങ്ങിത്തരണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം: ധൈര്യവതിയായ മറിയം**

നഷ്ടധൈര്യരായിരുന്ന ശ്ലീഹന്മാർക്ക് ഊട്ടുശാലയിൽ ധൈര്യം പകർന്നവളും മരണനേരം യൗസേപ്പിതാവിന് ശക്തി പകർന്നവളുമായ പരിശുദ്ധ അമ്മേ, വിശുദ്ധിയിൽ വളരുവാൻ ഞങ്ങൾക്കു തടസ്സമായവയെ അതിജീവിക്കുവാനുള്ള ധൈര്യം ഞങ്ങൾക്കു നേടിത്തരണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

പരിശുദ്ധ മറിയമേ, ഞങ്ങളുടെ അമ്മേ, കൃപയിൽ നിരന്തരം നിറഞ്ഞു ജീവിച്ചവളേ, പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ഞങ്ങളിൽ നിറയുവാൻവേണ്ട കൃപ ഈ ജപമാലയിലൂടെ ഞങ്ങൾക്കു നല്കിയതിന് നന്ദി പറയുന്നു. ഞങ്ങളുടെ യാചനകൾകേട്ട് ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

മരണത്തിന്റെ താഴ്‌വരയിൽകൂടെയാണു നടക്കുന്നതെങ്കിലും
കർത്താവ് കൂടെയുള്ളതിനാൽ ഭയപ്പെടുകയില്ലെന്ന്
ഉദ്ഘോഷിച്ച സങ്കീർത്തകനോടുചേർന്ന്
ഉറച്ച വിശ്വാസത്തോടും പ്രത്യാശയോടുംകൂടെ
അങ്ങിൽ ആശ്രയിക്കുവാനും
അനുതാപത്തോടും പ്രായശ്ചിത്തത്തോടുംകൂടെ
മാനസാന്തരവഴികളിലൂടെ
ജീവിതത്തെ വിശുദ്ധീകരിക്കുവാനും
കർത്താവേ ഞങ്ങളെ സഹായിക്കണമേ.
എല്ലാ വിപത്തുകളിൽനിന്നും മഹാമാരിയിൽനിന്നും
ഞങ്ങളെയെല്ലാവരെയും രക്ഷിക്കണമേ.



**PRATHEEKSHAYUDE POOMOTTUKAL** (Malayalam Monthly)
**RNI: KERMAL/2014/59983**
**Published on 24th July 2020**

**Registered: KL/KTM/72/2018-20**
**Licence No:KL/CR/KTM/WPP-22/2018-20**
**Licensed to post without prepayment**




**Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.**
**Editor : Fr. Mathew Vellanickal**